സബ്മിഷൻ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ്. ഏഷ്യയുടെ വികസന കവാടമായി മാറുമെന്ന് നമ്മളെല്ലാവരും പ്രതീക്ഷിക്കുന്ന ആ സ്വപ്നപദ്ധതി, കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ, പ്രത്യേകിച്ച് മുൻമുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടിയുടെ കഠിനാദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും വിയർപ്പിന്റെയും ഫലമായിട്ടാണ് യാഥാർത്ഥ്യമായിരിക്കുന്നത്. ആ പദ്ധതിയിന്മേൽ വലിയ ആശങ്ക പരത്തുന്നതരത്തിലാണ് ഇന്ന് കേന്ദ്ര ഗവൺമെന്റ് കുളച്ചൽ പദ്ധതിക്ക് മന്ത്രിസഭയുടെ അനുമതി കൊടുത്തിട്ടുള്ളത്. ഈ സബ്മിഷൻ തമിഴ്നാടിനെതിരായിട്ടോ തമിഴനാടിന് ഏതെങ്കിലുമൊരു പദ്ധതി കൊടുക്കുന്നതിനെതിരായിട്ടോ ഉള്ള ഒരു സബ്മിഷനല്ല. കേരളത്തിന്റെ, വിഴിഞ്ഞത്തിന്റെ ആശങ്കയാണ്. ആരേയും ദ്രോഹിക്കുന്നതിനുവേണ്ടിയല്ല, നമ്മൾ ദ്രോഹിക്കപ്പെടാതിരിക്കുന്നതിനുള്ള ജാഗ്രത കാട്ടുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. പ്രധാനമായും, വിഴിഞ്ഞം പദ്ധതിക്ക് 30 കിലോമീറ്റർ മാത്രം അകലെയുള്ള കുളച്ചലിനടുത്തുള്ള ഇനയത്താണ് ഈ പദ്ധതിയാരംഭിക്കുന്നത്. വിഴിഞ്ഞം

പദ്ധതിക്കുവേണ്ടി നമ്മൾ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തെ സമീപിച്ചപ്പോൾ ആദ്യം അവർ പറഞ്ഞത് 200 കിലോമീറ്റർ അകലെ വല്ലാർപാടം ടെർമിനലുണ്ട്, അതുകൊണ്ട് വിഴിഞ്ഞത്തിന് അനുമതി നൽകാൻ സാധിക്കില്ലായെന്നാണ്. അതേ ഷിപ്പിംഗ് മന്ത്രാലയം തന്നെയാണ് ഇന്ന് വിഴിഞ്ഞം പദ്ധതിക്ക് വെറും 30 കിലോമീറ്റർ മാത്രം അകലെയുള്ള കുളച്ചലിന് അനുമതി നൽകിയിരിക്കുന്നത്. അകലം മാത്രമല്ല നമുക്ക് വളരെയധികം ആശങ്കയുണ്ടാക്കുന്ന മറ്റ് ചില വസ്തുതകൾ കൂടിയുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുള്ള ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ട്രാഫിക് ഉണ്ട്. ആ ട്രാഫിക്കിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആ ട്രാഫിക്കിലാണ് വിഴിഞ്ഞം പദ്ധതിയുടെ ബിസിനസ് പ്രതീക്ഷ. ഇതേ ട്രാഫിക് ഉപയോഗിച്ചുതന്നെയാണ് കുളച്ചൽ പദ്ധതിയുടെയും മാർക്കറ്റിംഗ് പ്രോസ്പെക്ടസ് നിൽക്കുന്നത്. അത് നമ്മുടെ പദ്ധതിയെ ഭാവിയിൽ വളരെ ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്രഗവൺമെന്റ് വളരെ ആസൂത്രിതമായി വിഴിഞ്ഞം പദ്ധതിയെ തകർക്കാർ ശ്രമിക്കുന്നുണ്ട്. സാഗർമാല പദ്ധതി നടപ്പാക്കാൻ വേണ്ടി നടത്തിയ ഒരു പഠന റിപ്പോർട്ടിൽ "കേരളം തൊഴിൽ

സമരങ്ങളുടെ ഒരു കേന്ദ്രമാണെന്നും വിഴിഞ്ഞവും വല്ലാർപാടവും കൊണ്ട് ഒരു പ്രയോജനമുണ്ടാവുകയില്ലെന്നും വാളയാർ ചെക്പോസ്റ്റിലൂടെ ചരക്കുകൾ കടന്നുപോകുന്നതിന് വളരെയധികം കാലതാമസമുണ്ടാകുന്നതുകൊണ്ട് തമിഴ്നാട്ടിലെ വ്യവസായികൾക്ക് വല്ലാർപാടം ടെർമിനലിന്റെ പ്രയോജനം ലഭിക്കുന്നില്ല" എന്ന് തുടങ്ങി കേരളത്തിന് വിരുദ്ധമായിട്ടുള്ള, യാതൊരു വസ്തുതകൾക്കും നിരക്കാത്ത തരത്തിലുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് വന്നിരിക്കുന്നത്. കുളച്ചൽ പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ല. പക്ഷേ വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പക്ഷേ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങാത്ത കുളച്ചലിനെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച വിഴിഞ്ഞത്തെ അതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മറ്റൊരു പ്രധാനപ്പെട്ട വസ്തുത, വിഴിഞ്ഞം പദ്ധതി 7525 കോടി രൂപയുടേതാണ്. ഇന്ന് കുളച്ചലിന് കേന്ദ്രഗവൺമെന്റ് നേരിട്ട് നടത്തുന്ന 25000 കോടി രൂപയുടെ പദ്ധതി കൊണ്ടുവരുന്നതിനാണ് അവർ ഉദ്ദേശിക്കുന്നത്. കുളച്ചൽ നിവാസികൾക്കുപോലും ഈ പദ്ധതി ആവശ്യമില്ല. തദ്ദേശവാസികൾ ഇന്ന്

അവിടെ ഉണ്ണാവ്രതം അഥവാ ഹങ്കർ സ്ട്രൈക്ക് നടത്തുകയാണ്. 2000 കോടിരൂപയുടെ ഫിഷിംഗ് ഉൾപ്പെടെയുള്ള വിവിധോദ്ദേശ ഹാർബറാണ് അവർ ആഗ്രഹിച്ചത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....

ശ്രീ. എം. വിൻസെന്റ്: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അൽപ്പസമയം നൽകണം. 2000 കോടി രൂപയുടെ പദ്ധതിയാണ് അവർ ആഗ്രഹിച്ചതെങ്കിൽ കേന്ദ്രഗവൺമെന്റ് 25000 രൂപയുടെ പദ്ധതിയാണ് കൊടുത്തിരിക്കുന്നത്. രണ്ട് പോർട്ട് പ്രോജക്ടുകൾ ഇന്ത്യയിൽ ഒരിടത്തും അടുത്തടുത്ത് ഇതുവരെയും ആരംഭിച്ചിട്ടില്ല. ബോംബെയ്ക്കും മദ്രാസിനും തൊട്ടടുത്തു തന്നെ പോർട്ടുകൾ ഉണ്ടെന്നാണ് കേന്ദ്രമന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണൻ പറയുന്നത്. നിലവിലുള്ള പോർട്ടുകൾക്ക് അതിന്റെ കപ്പാസിറ്റി താങ്ങാൻ കഴിയാതെ വന്നതിനുശേഷം മാത്രമാണ് അവിടെ മറ്റ് പോർട്ടുകൾ ആരംഭിക്കാൻ അനുമതി കൊടുത്തിട്ടുള്ളത്. ബംഗാളും ആന്ധ്രാപ്രദേശും ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും പുതിയ തുറമുഖങ്ങളുടെ അനുമതിക്കായി കാത്തുകിടക്കുകയാണ്. അതിന് മന്ത്രിസഭാ

തീരുമാനം അനുവാദം കൊടുക്കാതിരിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്രഗവൺമെന്റ് നമ്മുടെ തൊട്ടടുത്ത്, നമ്മുടെ എല്ലാ പ്രതീക്ഷകളും തകർക്കുന്ന തരത്തിൽ ഒരു പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. കുളച്ചൽ പദ്ധതി വിഴിഞ്ഞം പദ്ധതിക്ക് കൊലക്കയറായി മാറാൻ പോകുകയാണ്. അതുകൊണ്ട് ഈ കൊലച്ചതിക്കെതിരായി ഈ സഭ ഒന്നടങ്കം ഒരു നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാന ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സമയബന്ധിതമായി ഇത് പൂർത്തിയാക്കണം എന്നാണ്. നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പായിത്തന്നെ ഈ പദ്ധതി പൂരത്തിയാക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കണം. അതോടൊപ്പം നമ്മുടെ ആശങ്കകൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു സർവ്വകക്ഷി യോഗം വിളിക്കുകയും സർവ്വകക്ഷി ഡെലിഗേഷൻ ഡൽഹിയിലേക്ക് പോകുകയും ചെയ്യണം. ഇതിൽ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ, കേരളത്തിന്റെ സ്വപ്ന പദ്ധതിയെ തകർക്കാനുള്ള ലക്ഷ്യങ്ങൾ, കേരളത്തിന് ഗുണകരമാകുന്ന ഈ പദ്ധതിക്കെതിരായി കഴിഞ്ഞ കുറെക്കാലമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾക്കെതിരായി ശക്തമായ പ്രതികരണം സംസ്ഥാന സർക്കാരിന്റെ

ഭാഗത്തുനിന്ന് ഉണ്ടാകണം.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച വികാരത്തോട് പൊതുവെ യോജിപ്പാണുള്ളത്. വിഴിഞ്ഞം പദ്ധതി വിവിധ തലങ്ങളിൽ നാം ചർച്ച ചെയ്തതാണ്. നേരത്തേ ഈ പദ്ധതി ലാൻഡ് ലോർഡ് പോർട്ട് മോഡലിലാണ് വിഭാവനം ചെയ്തിരുന്നത്. അതിൽ നിന്ന് വ്യതിചലിച്ചാണ് സർക്കാർ മൂലധനം സ്വകാര്യ മേഖലയ്ക്ക് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്ന സ്ഥിതി വന്നത്. ഇതിന്റെ ഫലമായി പദ്ധതിച്ചെലവും പദ്ധതി നിർവ്വഹണത്തിനുള്ള സമയവും അധികരിക്കുമെന്ന ആശങ്ക നേരത്തേതന്നെ സൂചിപ്പിക്കപ്പെട്ടതാണ്. ഇവിടെ ലാൻഡ് ലോർഡ് പോർട്ട് മോഡലിൽ നിന്നും വ്യതിചലിച്ചുവെന്നതുകൊണ്ട് ഗവൺമെന്റിന് ഉണ്ടാകേണ്ടിയിരുന്ന നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന അവസ്ഥയും നാം കാണേണ്ടതായിട്ടുണ്ട്. ഇപ്പോൾ പദ്ധതിച്ചെലവ് 7525 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ തുക മുടക്കിയുള്ള പദ്ധതി ലാഭകരമാകില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ്

കേന്ദ്രഗവൺമെന്റ് തന്നെ 816 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിൽ പദ്ധതി നഷ്ടത്തിൽ പോകാതിരിക്കാനായി ലഭ്യമാക്കിയിരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനത്തിന് എല്ലാ അനുമതിയും ഇതിനകം ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ പദ്ധതി പ്രവർത്തനം വിലയിരുത്തിയപ്പോൾ ആയിരം ദിവസത്തിനകം പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനാവശ്യമായി സർക്കാർ ഒരുക്കേണ്ട അനുബന്ധ സൗകര്യങ്ങൾ നിശ്ചിത സമയത്തിനുമുമ്പുതന്നെ പൂർത്തിയാക്കുന്നരീതിയിൽ സർക്കാർ സജ്ജീകരണങ്ങൾ ഒരുക്കുക തന്നെ ചെയ്യും. അതായത് സമയബന്ധിതമായി വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിന് ചെയ്യാൻ കഴിയുന്നതിന് പരിമിതിയുണ്ടെന്ന് നാം കാണേണ്ടതുണ്ട്. ഇപ്പോൾ കൺട്രോൾ അദാനി ഗ്രൂപ്പിനാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശ്രമം നടത്തേണ്ടതും മുൻകൈ എടുക്കേണ്ടതും അദാനി ഗ്രൂപ്പാണ്. എന്നാൽ അതിന് കാത്തുനിൽക്കാതെ തന്നെ

സംസ്ഥാന ഗവൺമെന്റ് എല്ലാവിധശ്രമവും നടത്തുകതന്നെ ചെയ്യും. ഇപ്പോൾ പ്രകടിപ്പിച്ച വികാരം കുളച്ചൽ പദ്ധതിയുമായി ബന്ധപ്പെട്ടാണ്. കുളച്ചൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിലുള്ള അംഗീകാരം നൽകിക്കഴിഞ്ഞു. യഥാർത്ഥത്തിൽ ഈ പദ്ധതിക്കും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വേണ്ടിവരും. ഒരുപക്ഷേ വിഴിഞ്ഞത്തിന് ലഭ്യമാക്കുന്ന തുകയിലേറെ ഫണ്ട് ഇതിന് വേണ്ടിവരും. ഇവിടെ പ്രസ്താവിച്ചതുപോലെ 30 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു അൺവയബിൾ തുറമുഖം ആരംഭിക്കുന്നതിന് യാതൊരു യുക്തിയുമില്ല. കൊച്ചിയിൽ നിന്നും 250 കിലോമീറ്റർ അകലെയുള്ള വിഴിഞ്ഞം തുറമുഖത്തിന് അനുമതി നൽകുന്നതിന് കേന്ദ്രം കാട്ടിയ അമാന്തമെല്ലാം ഉപേക്ഷിച്ചുകൊണ്ടാണ് ഇപ്പോൾ 30 കിലോമീറ്റർ അകലെയുള്ള കുളച്ചലിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരിക്കുന്നത്. ഇത്തരത്തിൽ യുക്തിരഹിതമായി പൊതുജനങ്ങളുടെ നികുതിപ്പണം അശാസ്ത്രീയമായി ഉപയോഗിക്കുന്ന പ്രവണത യോജിക്കാൻ കഴിയാത്ത ഒന്നാണ്. കുളച്ചലിന് അനുമതി നൽകിയെന്ന് അറിഞ്ഞപ്പോൾ തന്നെ സംസ്ഥാനത്തിന്റെ ആശങ്ക വ്യക്തമാക്കി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. അടുത്തദിവസം പ്രധാനമന്ത്രിയെ

നേരിൽ കാണാൻ സമയവും അവസരവും ചോദിച്ചിട്ടുമുണ്ട്. ഈ മാസം തന്നെ പ്രധാനമന്ത്രിയെ നേരിൽ കണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ആശങ്ക അദ്ദേഹവുമായി പങ്കുവയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മാസം 17-ാം തീയതി എം.പി.-മാരുടെ യോഗം നടക്കുന്നുണ്ട്. ആ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പാർലമെന്റിൽ ഇക്കാര്യം ശക്തമായി ഉന്നയിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നതാണ്.

പ്രവീണിന്റെ ജയിൽവാസം സംബന്ധിച്ച്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചെയ്യാത്ത കുറ്റത്തിന് കഴിഞ്ഞ രണ്ട് വർഷമായി ആഫ്രിക്കൻ രാജ്യമായ കെനിയയിലെ ജയിലിൽ പീഡനം അനുഭവിക്കുന്ന ശ്രീ. പ്രവീൺ എന്ന ചെറുപ്പക്കാരനെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ഇദ്ദേഹം കഴിഞ്ഞ രണ്ട് വർഷം മുൻപ് മർച്ചന്റ് നേവിയിൽ ചേരാൻ ഡൽഹിയിലെ ആൽഫാ മറൈൻ അക്കാദമിയിൽ ആറ് മാസം പഠിച്ചു. പഠനത്തിന്റെ ഭാഗമായി പാർക്ക് മാൻഷിപ്പ് മാനേജ്മെന്റ് കമ്പനി വഴി 12 മാസത്തെ പരിശീലനത്തിനായി 2013 നവംബർ 13-ന് ദുബായിയിൽ നിന്നും ഒരു കപ്പലിൽ പ്രവേശിക്കുകയാണ്.

2014 മെയ് 1-ന് ഇറാനിയായ കപ്പൽ ഉടമ കപ്പൽ പാകിസ്ഥാൻകാരന് വിറ്റു. കപ്പലിൽ നിന്നും ശ്രീ. പ്രവീണും സഹപാഠിയായ ഡൽഹി സ്വദേശി ശ്രീ. വികാസിനെയും ഒഴികെ ബാക്കി എല്ലാവരെയും പിരിച്ചുവിട്ടു. എഗ്രിമെന്റ് തീർന്നില്ല എന്ന കാരണത്താലാണ് ഇവരെ പിരിച്ചുവിടാതിരുന്നത്. ഇറാനിൽ നിന്ന് സിമന്റുമായി കപ്പൽ കെനിയയിലേയ്ക്ക് പോകുമ്പോൾ സൊമാലിയൻ കടൽക്കൊള്ളക്കാർ കപ്പൽ റാഞ്ചി. ഏകദേശം ഒന്നര മാസത്തോളം അവരുടെ കസ്റ്റഡിയിൽ ആയിരുന്നു കപ്പലും കപ്പിലിലെ ആളുകളും. അതിനുശേഷം ഇവിരെ മോചിപ്പിച്ചു. മോചിപ്പിച്ചപ്പോൾതന്നെ ഇവർ ഭക്ഷണവും വെള്ളവും കിട്ടാതെ വല്ലാതെ വിഷമിച്ചിരുന്നു. കപ്പൽ കെനിയൻ തുറമുഖത്തോട് അടുക്കുമ്പോൾ ഈ കപ്പലിൽ മയക്കുമരുന്ന് ഉണ്ടെന്ന് രഹസ്യവിവരം കിട്ടുകയും ഡീസൽ ടാങ്കിനകത്ത് നിന്ന് ഏകദേശം 12 മില്ല്യൻ യു.എസ്. ഡോളർ വിലമതിക്കുന്ന 373.8 കിലോഗ്രാം ഹെറോയിൻ പിടിച്ചെടുക്കുകയും ചെയ്തു. കപ്പലിൽ ഉണ്ടായിരുന്ന ഇന്ത്യാക്കാരായ ശ്രീ. പ്രവീണും ശ്രീ. വികാസുമടക്കം ഒൻപത് പേരെ കെനിയൻ ഗവൺമെന്റ് തടവിലാക്കി. അവിടുത്തെ മയക്കുമരുന്ന് നിയമം അനുസരിച്ച് കപ്പലും മയക്കുമരുന്നും കടലിൽ കൊണ്ടുപോയി നശിപ്പിച്ചുകളഞ്ഞു. ഇവരെ ജയിലിൽ ഇട്ടിരിക്കുകയാണ്. കുടിക്കാൻ വെള്ളമോ ആഹാരമോ കിട്ടാതെ അവർ വിഷമിക്കുകയാണ്. അവിടുത്തെ ഇന്ത്യൻ അസോസിയേഷൻ പ്രതിനിധികൾ

എംബസി വഴി ഇവരെ കാണാൻ ശ്രമിച്ചു. ഈ പയ്യനെ അവർ കണ്ടു. കുടിക്കാൻ വെള്ളമില്ല, ആഹാരമില്ല. വല്ലപ്പോഴുമാണ് ഇതെല്ലാം കൊടുക്കുന്നത്. അത്ര ദയനീയമായ സ്ഥിതിയിൽ നിരപരാധിയായ ഒരു വിദ്യാർത്ഥി ജയിലിൽ കിടക്കുകയാണ്. ഈ ചെറുപ്പക്കാരന്റെ പിതാവ് ശ്രീ. പ്രഭാകരൻ നായർ എന്റെ മണ്ഡലമായ പത്തനാപുരത്തെ കറവൂരാണ് താമസിക്കുന്നത്. ശ്രീ. പ്രഭാകരൻ നായർ ഒരു റിട്ടയേർഡ് മിലിട്ടറി ഉദ്യോഗസ്ഥനാണ്. മകൻ ജയിലിലായി എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ മാനസികമായി തകർന്ന് രോഗിയായി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഒരു മാസം ചികിത്സയ്ക്കായി 8,000/- രൂപ ഈ അമ്മയ്ക്ക് വേണം. അച്ഛനാണെങ്കിൽ കൈ ഒടിഞ്ഞ് ഹെവിയായുള്ള ഒരു ജോലിയും ചെയ്യാൻ പറ്റാത്ത നിലയിൽ അവശനിലയിലാണ്. അങ്ങനെ ഇവർ വല്ലാത്ത ബുദ്ധിമുട്ടിലാണ്. ട്രെയിനിംഗിന് വേണ്ടിയാണ് കപ്പലിൽ കയറിപ്പറ്റിയത്. നിരപരാധിയും വിദ്യാർത്ഥിയുമായ ഈ ചെറുപ്പക്കാരന്റെ മോചനത്തിനുവേണ്ടിയുള്ള ഒരു ശ്രമം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് നടത്തണം. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ അങ്ങ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ഈ മാസം കാണുമെന്ന് തൊട്ടുമുമ്പുള്ള സബ്മിഷന് മറുപടിയായി അങ്ങ് പറയുകയുണ്ടായി. പ്രധാനമന്ത്രിയോടും അടിയന്തരമായി വിദേശകാര്യ വകുപ്പുമന്ത്രിയോടും ബന്ധപ്പെട്ടാൽ ഇവരുടെ മോചനം

സാധ്യമാക്കാൻ കഴിയും. ഒരു വക്കീലിനെ വയ്ക്കാൻപോലും എംബസി തയ്യാറായിട്ടില്ല. ഈ പിതാവ് തന്റെ പുരയിടവും ഉള്ളതുമെല്ലാം വിറ്റുപെറുക്കി കെനിയയിലുള്ള ഒരു മലയാളി വഴി അവിടുത്തെ ഒരു വക്കീലിനെ വച്ച് മകന്റെ കേസ് നടത്തുകയാണ്. അതിനുള്ള സാമ്പത്തികമുള്ള ആളല്ല. എല്ലാം തീർന്നു. ഇനി ഒന്നും ബാക്കിയില്ല. അമ്മയുടെ ചികിത്സയ്ക്കും പൈസയില്ല. അദ്ദേഹത്തിന്റെ ചികിത്സയ്ക്കും പൈസയില്ല. ജീവിക്കാൻ ഒരു വരുമാനവും ഇല്ല. ഉള്ളതെല്ലാം വിറ്റുപെറുക്കി കേസ് നടത്താൻ കെനിയയിൽ ഒരു വക്കീലിനെ വച്ചിരിക്കുകയാണ്. തീർച്ചയായും അതിൽ ഗവൺമെന്റ് ഇടപെടുകയും ഇവർക്ക് നീതി ലഭിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തിപരമായി തന്നെ ഒരു താൽപര്യമെടുത്ത് ചെയ്യണം. പാവപ്പെട്ട ഒരു വിദ്യാർത്ഥിയുടെ, ഒരു ചെറുപ്പക്കാരന്റെ മോചനത്തിന് അങ്ങ് വളരെ ശ്രദ്ധയോടും ആത്മാർത്ഥതയോടുംകൂടി സഹകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തീർച്ചയായും പ്രധാനമന്ത്രിയോടും വിദേശകാര്യ വകുപ്പുമന്ത്രിയോടും അടിയന്തരമായി നേരിട്ട് കണ്ട് പറഞ്ഞ് ഈ രണ്ട് ചെറുപ്പക്കാരെയും (ഒരാൾ ഡൽഹി സ്വദേശി) മോചിപ്പിക്കാനുള്ള നടപടി എടുക്കണമെന്ന് വളരെ ബഹുമാനത്തോടെ അഭ്യർത്ഥിക്കുകയാണ്.

പ്രവീണിന്റെ ജയിൽവാസം സംബന്ധിച്ച്

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ ഇവിടെ ഉന്നയിച്ച കാര്യം അങ്ങേയറ്റം പരിതാപകരമായ ഒന്നുതന്നെയാണ്. കെനിയയിലെ ജയിലിൽ കഴിയുന്ന ശ്രീ. പ്രവീണിന്റെ മോചനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പിതാവ് ശ്രീ. പ്രഭാകരൻ നായർ സമർപ്പിച്ച അപേക്ഷയാണ് സബ്മിഷനിലെ വിഷയം. ഇവിടെ പ്രസ്താവിച്ചതുപോലെ ശ്രീ. പ്രവീൺ ന്യൂഡൽഹി ആസ്ഥാനമായുള്ള കപ്പൽ കമ്പനിയിൽ ജോലിക്ക് ചേരുകയും അവിടെ നിന്നും ഇസ് മറൈൻ ഷിപ്പിംഗ് കമ്പനി LCC ഉടമസ്ഥതയിലുള്ള എം. വി. ഡാർയ (M/V DARYA) എന്ന കപ്പലിൽ ദുബായിലുള്ള വാട്ടർ വേവ് ഷിപ്പിംഗ് കമ്പനിയിൽ ദുബായിയിൽ നാവികനായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കപ്പലിൽ ഹെറോയിൻ എന്ന ലഹരിവസ്തുവും ഡീസലും കടത്തിയെന്ന് ആരോപിച്ച് 15.07.2014 മുതൽ ശ്രീ. പ്രവീണും മറ്റ് കപ്പൽ ജീവനക്കാരും കെനിയൻ പോലീസിന്റെ കസ്റ്റഡിയിലാവുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു.

തന്റെ മകൻ നിരപരാധിയാണെന്നും കപ്പൽ ഉടമസ്ഥർ ഇവരറിയാതെ ലഹരിവസ്തു കടത്തുകയായിരുന്നുവെന്നുമാണ് ശ്രീ. പ്രഭാകരൻ നായർ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രവീണിനെ മോചിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്മേൽ അന്വേഷണം നടത്തി അദ്ദേഹത്തെ മോചിപ്പിക്കാൻ

നടപടി സ്വീകരിക്കാനായി നോർക്ക റൂട്ട്സ് കെനിയൻ ഹൈക്കമ്മീഷണർക്ക് കത്ത് അയയ്ക്കുകയുണ്ടായി. എന്നാൽ, നാളിതുവരെയായിട്ടും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ വിവരങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരു ഇ-മെയിൽ സന്ദേശം കൂടി ഹൈക്കമ്മീഷണർക്ക് അയച്ചിട്ടുണ്ട്. അതിനുപുറമെ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെനിയൻ ഹൈക്കമ്മീഷണറുമായി ഫോണിൽ സംസാരിക്കുകയും അടിയന്തരമായി വിവരം ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ശ്രീ. പ്രവീണിന്റെ മോചനത്തിനായി സാധ്യമായ എല്ലാ സഹായങ്ങളും നൽകുവാൻ കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറോട് സർക്കാർ തലത്തിലും അഭ്യർത്ഥിച്ച് ഇ-മെയിൽ സന്ദേശവും കത്തും നൽകിയിട്ടുണ്ട്. അതിനുപുറമെ അദ്ദേഹം ഉന്നയിച്ച രീതിയിൽ ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രിയെയും സൗകര്യം ലഭിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബന്ധപ്പെട്ട് ഈ കാര്യം സംസാരിക്കുന്നതാണ്.

ഭൂനികുതി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കാന്തലാട്, തക്കിട്ടപ്പാറ തുടങ്ങിയ വില്ലേജുകളിലെ ഇരുന്നൂറോളം വരുന്ന കർഷകരുടെ

ഭൂനികുതി വാങ്ങുന്നത് വനം വകുപ്പ് ഇടപെട്ട് തടഞ്ഞുവച്ചിരിക്കുകയാണ്. അവരുടെ താമസസ്ഥലത്തുപോലും ജണ്ടകെട്ടുന്നു. ഇത് കുടുംബങ്ങളെ മാത്രമല്ല നാട്ടുകാരെയും വലിയ പ്രയാസത്തിലാക്കിയിരിക്കുകയാണ്. 1947-കളിൽ കിഴക്കേടത്ത് മല്ലശ്ശേരി കോവിലകം വക സ്ഥലം വിലയ്ക്കുവാങ്ങിയതാണ്. പാട്ട ശീട്ട്, ആധാരം, നികുതി ശീട്ട് എന്നിവ അവരുടെ കൈവശമുണ്ട്. 1977-ൽ സർക്കാർ നൽകിയ പാട്ടവുമുണ്ട്. നിരവധി സമരങ്ങൾ, നിരാഹാര സമരങ്ങൾ, ആത്മഹത്യവരെ ഇതിന്റെ പേരിൽ നടന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരുപാട് തവണ യോഗം ചേർന്നെങ്കിലും തീരുമാനങ്ങളൊന്നും നടപ്പിലായില്ല. കർഷകരുടെ ഈ ഭൂനികുതി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ഭൂനികുതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പുരുഷൻ കടലുണ്ടി ഉന്നയിച്ച പ്രശ്നം ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും, പതിച്ചുകൊടുക്കലും) നിയമപ്രകാരം 10.05.1971-ൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ വനങ്ങളും സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണ്.

പെരുവണ്ണാമൂഴി റെയ്ഞ്ചിലെ കൂരാച്ചുണ്ട്, കാന്തലാട് എന്നീ വില്ലേജുകളിലെ ഉദ്ദേശം 62 പേർ കൈവശം വച്ചുപോരുന്ന ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നിലവിലുണ്ട്. ഈ ഭൂമി പൂർണ്ണമായോ ഭാഗികമായോ മേൽ സൂചിപ്പിച്ച നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമിയാണ്. മേൽ വനഭൂമിയുടെ അതിരു തിരിക്കൽ, സർവ്വേ എന്നിവ 1974-76 കാലത്ത് പൂർത്തീകരിച്ചിട്ടുള്ളതും വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

ഇതുമായി ബന്ധപ്പെട്ട 30.08.1989-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ പ്രദേശം അടക്കമുള്ള വനഭൂമി കൈവശം വച്ചിട്ടുള്ളത് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്താൻ ഉത്തരവായി. ഇതു പ്രകാരം 1990-91 കാലഘട്ടത്തിൽ പെരുവണ്ണാമൂഴി റെയ്ഞ്ചിലെ നിക്ഷ്പ്ത വനഭൂമിയിലെ കയ്യേറ്റങ്ങൾ റവന്യൂ-വനം വകുപ്പ് സംയുക്തമായി പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ 77 അപേക്ഷകളിലായി 31.20 ഹെക്ടർ ഭൂമി 1977-ന് മുമ്പുള്ള കയ്യേറ്റമാണെന്ന് കണ്ടെത്തി അർഹരായവർക്ക് കൈവശരേഖ നൽകുകയുണ്ടായി. ബാക്കി 117 അപേക്ഷകളിലെ കാര്യങ്ങൾ വനം കയ്യേറ്റമാണെന്ന് കണ്ടെത്തിയിരുന്നു. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നലവിലുണ്ട്.

സർക്കാർതല യോഗത്തിൽ യോഗം ചേരുകയും ആ യോഗതീരുമാനപ്രകാരം 62

കർഷകരുടെ ഭൂമിയിലെ നികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. മേൽ 62 അപേക്ഷകരിൽ 17 പേർ മേൽപ്പറഞ്ഞ 117 അപേക്ഷകരിൽപ്പെട്ടവർ തന്നെ വീണ്ടും അപേക്ഷ നൽകിയവരാണ്. ബാക്കിയുള്ളവയിൽ 29 അപേക്ഷകളിലെ പരിശോധന പൂർത്തിയായി. ഇനി 16 അപേക്ഷകൾ പരിശോധിക്കാൻ ബാക്കിയുണ്ട്. അപേക്ഷകരായ കർഷകരുടെ സഹകരണത്തോടെ ഇവയിലും സംയുക്ത പരിശോധന നടത്തുന്നതാണ്.

ഇതിൽ വ്യക്തമാക്കാനുള്ള ഒരു കാര്യം, വസ്തുവിന്റെ പട്ടയം, ആധാരം, ലാന്റ് ഏരിയ രജിസ്റ്റർ, റബ്ബർ ബോർഡിലെ രജിസ്ട്രേഷൻ റെക്കോർഡ് ഇവയിൽ ഏതെങ്കിലും ഒന്ന് കൈവശമുള്ള കർഷകരിൽ നിന്നും പ്രസ്തുത രേഖകളിൽ ഉൾപ്പെട്ട വിസ്തൃതിക്കനുസരിച്ച് കരം സ്വീകരിക്കുന്നതിനുള്ള നിയമപ്രകാരമുള്ള നടപടികളും വനാതിർത്തി നിശ്ചയിക്കാനുള്ള സർവ്വെ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ തയ്യാറാണ്.

മലിനീകരണ പ്രശ്നം

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ 42 ഓളം ഇരുമ്പുരുക്ക

കമ്പനികൾ പ്രവർത്തിച്ചു വരുന്നു. ഈ കമ്പനികൾ പ്രവർത്തിച്ചു വരുന്നതുമൂലമുണ്ടാകുന്ന മലിനീകരണം പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. വായു മലിനീകരണം, ജലമലിനീകരണം, എന്നിവയാണ് പ്രധാനമയും നേരിടുന്നത്. ഇതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇതിനുപുറമേയാണ്. ആയതിനാൽ ഈ പ്രദേശത്തുണ്ടാകുന്ന മലിനീകരണം ശാസ്ത്രീയമായി തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മലിനീകരണ പ്രശ്നം

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യാവസായിക മേഖലയാണ് പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖല. കഞ്ചിക്കോട് വ്യവസായ മേഖലയിലെല്ലാംകൂടി ഏതാണ്ട് നാനൂറോളം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എൻജിനീയറിംഗ് യൂണിറ്റുകൾ, സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലുകൾ, ഫുഡ് ഇൻഡസ്ട്രീസ്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, പ്ലാസ്റ്റിക്, സോപ്പ് നിർമ്മാണം തുടങ്ങി ഡിസ്റ്റിലറി വരെ കഞ്ചിക്കോട് മേഖലയിൽ

പ്രവർത്തിച്ചുവരുന്നുണ്ട്. ഏതാണ്ട് പതിനായിരത്തിൽപ്പരം തൊഴിലാളികൾ പ്രവർത്തിക്കുന്നൊരു മേഖലയാണിത്. സാമ്പത്തിക മാന്ദ്യം, ഇറക്കുമതി തുടങ്ങിയ കാര്യങ്ങളാൽ ഈ വ്യവസായ മേഖല പൊതുവേ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ നാനൂറോളം വ്യവസായങ്ങളിൽ മുപ്പത്തിയഞ്ചോളം ഇരുമ്പുരുക്ക് വ്യവസായ ശാലകളാണ്. അതിൽ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏതാണ്ട് ഇരുപതിൽതാഴെ യൂണിറ്റുകളാണ്. ഇരുപതിൽതാഴെ യൂണിറ്റുകളിലായി ആയിരത്തോളം തൊഴിലാളികളാണ് ഈ ഘന വ്യവസായ മേഖലയിലുള്ളത്. അവിടത്തെ ഉൽപ്പാദനം ആയിരം ടണ്ണിന് താഴെയാണ്. ബഹുമാന്യനായ ശ്രീ. വി. എസ്. അച്യുതാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലെ അവിടെ നിറഞ്ഞുനിൽക്കുന്ന ഒരു പ്രശ്നമാണ് മലിനീകരണം. ഇരുമ്പുരുക്ക് വ്യവസായത്തിൽ ഫർണസിലൂടെ പുറത്തുവരുന്ന പൊടി കലർന്ന വാതകം അന്തരീക്ഷത്തിൽ മലിനീകരണമുണ്ടാക്കുകയും രോഗങ്ങൾക്ക് കാരണമായി തീരുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഓരോ വ്യവസായ യൂണിറ്റിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രധാനമായി പൊടികലർന്ന വാതകം ഫർണസിൽ നിന്ന് ആദ്യമായി പൈപ്പിൽ കൂടി കടന്നുവരുമ്പോൾ ഫാൻ ഉപയോഗിച്ച് അതിനെ തണുപ്പിക്കുകയാണ് ചെയ്യുന്നത്. പിന്നീട് പുറത്തുവരുന്ന

വാതകത്തെ ഫിൽട്ടർ ചെയ്തിരിക്കുന്ന ബാഗിലൂടെ കടത്തിവിടുകയും വെള്ളം സ്പ്രേ ചെയ്ത് അതിനെ പൊടിയില്ലാത്ത വാതകമാക്കി മാറ്റുകയും ചെയ്യുന്നു. ആ വാതകം 30 മീറ്റർ ഉയരത്തിലുള്ള പ്രത്യേക കുഴലുകളിൽ കൂടി അന്തരീക്ഷത്തിലേക്കുവിടും. അങ്ങനെ അന്തരീക്ഷത്തിലേക്കുവിടുന്ന വാതകത്തിൽ പൊടിയുടെ അംശം ഉണ്ടാകുന്നില്ല. ഇതാണ് ഏറ്റവും ശാസ്ത്രീയവും ഫലപ്രദവുമായിട്ടുള്ള സംവിധാനം. ആ സംവിധാനം ഇപ്പോഴുള്ള എല്ലാ വ്യവസായശാലകളിലും പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. സാധാരണഗതിയിൽ 3 വർഷത്തിലൊരിക്കലാണ് ലൈസൻസ് പുതുക്കേണ്ടത്. അത്രയും കാത്തിരിക്കാതെ രണ്ടുമാസത്തിലൊരിക്കൽ മലിനീകരണ നിയന്ത്രണ ബോർഡ് ഈ വ്യവസായശാലകൾ പരിശോധിച്ച് ഇത് കൃത്യമാണോ എന്ന് ഉറപ്പു വരുത്തികൊണ്ടിരിക്കുകയാണ്. വളരെ അപൂർവ്വമായി ചില പരാതികൾ അവിടെ വരാറുണ്ട്. ആ പരാതികൾ പ്രത്യേകം പരിശോധിച്ച് അത് യാഥാർത്ഥ്യമാണോ എന്ന് സ്ഥിരമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഡോ. സുകുമാരൻ നായർ കമ്മീഷൻ പറഞ്ഞിട്ടുള്ള അഞ്ചു കാര്യങ്ങളും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇരുമ്പുരുക്കു വ്യവസായ മേഖലയിൽ മലിനജലം ഉണ്ടാകുന്നില്ല. പ്രധാനമായും അന്തരീക്ഷ മലിനീകരണമാണുണ്ടാകുന്നത്. അന്തരീക്ഷ മലിനീകരണം

തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ കമ്മീഷൻ പറയുന്നത്. ഈ വ്യവസായശാലകളിലുണ്ടാകുന്ന ഖരമാലിന്യമായ സ്ലാഗ് കമ്പനി പറമ്പിൽതന്നെ സൂക്ഷിക്കുകയാണ്. ഈ ഖരമാലിന്യം മറ്റേതെങ്കിലും പ്രോഡക്ടായി ഉപയോഗിക്കാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ വ്യവസായ സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനായി പരിസരവാസികൾക്ക് ചില ക്ഷേമ പ്രവൃത്തികൾ ചെയ്തുകൊടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനനുസരിച്ച് പ്രവർത്തിച്ചുവരികയാണ്. ഇതിനുവേണ്ടി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കണമെന്നും ഈ കമ്മീഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലെ മലിനീകരണം തടയാൻ ശക്തമായ ഇടപെടലുകൾ നടത്തുകയും നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. ഇനിയും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് അവശേഷിക്കുന്ന കാര്യങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ ഇരുപതിൽതാഴെ കമ്പനികൾ മാത്രമാണ് അവിടെ പ്രവർത്തിക്കുന്നത്. ഇന്നത്തെ മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കാണ് അവയും

പൊയ്ക്കൊണ്ടിരിക്കുന്നത്.

കോർമലയും വാട്ടർടാങ്കും സംരക്ഷിക്കൽ

ശ്രീ. എൽദോ എബ്രഹാം: സർ, മൂവാറ്റുപുഴ നഗരത്തിൽ വെള്ളൂർകുന്നം കവലയിൽ 27.06.2015 -ന് രാവിലെ നാലുമണിക്കുണ്ടായ വളരെ ഗൗരവതരമായ അപകടത്തെ സംബന്ധിച്ചിട്ടുള്ള വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒരു വർഷവും 18 ദിവസവും പിന്നിട്ട, മൂവാറ്റുപുഴയിലെ പതിനായിരക്കണക്കിന് മനുഷ്യരെ ആശങ്കയിലാഴ്ത്തിയ സംഭവങ്ങളിലൊന്നാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ച കോർമലയിലുണ്ടായ മണ്ണിടിച്ചിൽ. ഒരു വർഷവും 18 ദിവസവും പിന്നിടുമ്പോഴും ബന്ധപ്പെട്ട അധികാരികൾ അറിഞ്ഞോ അറിയാതെയോ നടപടികളൊന്നും സ്വീകരിക്കാത്ത ഘട്ടത്തിലാണ് സഭ മുൻപാകെ ഇങ്ങനെയൊരു സബ്മിഷൻ ഞാൻ കൊണ്ടുവന്നിട്ടുള്ളത്. രണ്ടരയേക്കറോളം വരുന്ന ഭൂമിയാണ് മണ്ണിടിച്ചിലിനെ തുടർന്ന് നഗരമദ്ധ്യത്തിലേയ്ക്ക് ഇറങ്ങി വരികയുണ്ടായത്. മനുഷ്യ ജീവന് അപകടമുണ്ടായില്ല എന്നുള്ളതൊഴിച്ചാൽ 2000 സ്ക്വയർഫീറ്റ് വലിപ്പമുള്ള രണ്ട് കെട്ടിടങ്ങൾ ഈ മണ്ണിടിച്ചിലിനെ തുടർന്ന് മണ്ണിനടിയിലായി. മാത്രവുമല്ല ജല അതോറിറ്റിയുടെ ഒരു ലക്ഷം ലിറ്റർ ജലം സംഭരിച്ച് 5000-ൽപരം വരുന്ന വീടുകളിലേയ്ക്ക് ജലവിതരണം നടത്തിയിരുന്ന ജലസംഭരണി ഇന്ന്

അപകടത്തിലാണ്. മണ്ണിടിച്ചിലുണ്ടായ പ്രദേശത്തിന് സമീപത്തുള്ള നിരവധി വീട്ടുകാർ ഇന്ന് ആശങ്കയിലാണ്. ഒരുമാസം മുൻപ് (ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവന്നതിനുശേഷം) ജനങ്ങൾ കൂടുതൽ രോഷാകുലരായതിനെത്തുടർന്ന് 4 കുടുംബങ്ങളെ അപകട ഭീഷണിയെത്തുടർന്ന് മാറ്റിപ്പാർപ്പിക്കേണ്ടതായി വന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാധ്യത തീർച്ചയായും ഭരണാധികാരികൾക്കും ഗവൺമെന്റിനുമുണ്ട്. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനം സൂചിപ്പിക്കുന്നത്, ജലസംഭരണി ഏതുനിമിഷവും താഴോട്ടു പോരുമെന്ന സാഹചര്യമുണ്ടെന്നാണ്. ഒപ്പം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന്റെ അടിയന്തര സാഹചര്യത്തെക്കുറിച്ച് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ഈ പറഞ്ഞ മണ്ണിടിഞ്ഞ പ്രദേശത്ത് സ്ലോപ്പ് നിലനിർത്തി ശാസ്ത്രീയമായ റീട്ടെയിനിംഗ് വാൾ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. മാത്രവുമല്ല ഗവൺമെന്റ് ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ അനിവാര്യതയെയാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അടിയന്തരമായി മൂവാറ്റുപുഴയിലെ ഈ അപകടം നടന്ന സ്ഥലം സന്ദർശിക്കുകയും ജലസംഭരണി തൽസ്ഥാനത്തുനിന്ന് മാറ്റി

മറ്റൊരു കേന്ദ്രത്തിൽ പുതിയൊരു ജലസംഭരണി സ്ഥാപിക്കുന്നതിനാവശ്യമായ നടപടിയും ഒപ്പം ഭൂമിയുടെ സംരക്ഷണവും മലയിടിഞ്ഞ സന്ദർഭത്തിൽ മനുഷ്യനിർമ്മിതമായ അപകടം വരുത്തിവയ്ക്കാനിടയായ സാഹചര്യം ഒരുക്കിയ അക്കാലത്തെ ജനപ്രതിനിധിക്കും മൂവാറ്റുപുഴ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച ജനപ്രതിനിധിക്കും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കും പോലീസിനുമെതിരായി മാതൃകാപരമായ നടപടി സ്വീകരിക്കുകയും ഈ അപകട സാധ്യത ഒഴിവാക്കുവാനും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്ന തരത്തിലേക്ക് കാര്യങ്ങൾ പോയതിനെ സംബന്ധിച്ച് ഗൗരവതരമായി ഗവൺമെന്റ് ആലോചിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ....(ബഹളം).....അതുകൊണ്ട് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഉയർത്തുന്ന ന്യായവാദങ്ങൾ, അവരുടെ പ്രതിഷേധങ്ങൾ ഞാൻ തള്ളിക്കളയുകയാണ്. മൂവാറ്റുപുഴ നഗരമദ്ധ്യത്തിലുണ്ടായ അപകടം പത്ര-ദൃശ്യ മാധ്യമങ്ങളിലെല്ലാം വലിയ വാർത്തയായതാണ്. ഒരു ജനപ്രതിനിധിയെന്ന നിലയിൽ ജനങ്ങളോട് മറുപടി പറയുവാൻ ബാധ്യതയുണ്ട് എന്നുള്ളതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ബന്ധപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മൂവാറ്റുപുഴ സന്ദർശിച്ച് ഈ

അപകടസ്ഥിതിയെക്കുറിച്ച് ബോധ്യപ്പെട്ടുകയും അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ എനിക്ക് പറയാനുള്ളത്.

<u>കോർമലയും വാട്ടർ ടാങ്കും സംരക്ഷിക്കൽ</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):സർ, ശ്രീ. എൽദോ എബ്രഹാം ബഹുമാന്യനായ എം.എൽ.എ നേരത്തേ തന്നെ ഈ കാര്യം ഒരു നിവേദനം വഴി എന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. മൂവാറ്റുപുഴ ടൗണിൽ വെള്ളൂർക്കുന്നം സിഗ്നൽ ജംഗ്ഷനു സമീപം എം.സി. റോഡരികിലുള്ള ഏകദേശം 30 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അടിഭാഗത്ത് 27-6-2015 -ൽ മണ്ണിടിഞ്ഞ് വൻ ദുരന്തം സംഭവിച്ചിട്ടുള്ളതാണ്. അപകടത്തിൽ ആളപായം സംഭവിച്ചിട്ടില്ല എന്നത് ഭാഗ്യമായി. എങ്കിലും റോഡരികിലെ വാണിജ്യ സമുച്ചയം നിശ്ശേഷം തകർന്നിട്ടുള്ളതാണ്. മേൽപ്പറഞ്ഞ സ്ഥലത്തെ ഏറ്റവും ഉയർന്ന പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ പത്തു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥിതിചെയ്യുന്നു. ഈ വാട്ടർ ടാങ്കിൽ നിന്നുമാണ് മൂവാറ്റുപുഴയിലും

സമീപ പ്രദേശങ്ങളിലും വെള്ളമെത്തിക്കുന്നത്. സുരക്ഷാ മുൻകരുതൽ കണക്കിലെടുത്ത് വാട്ടർ ടാങ്കിന്റെ സംഭരണം നിർത്തിവെപ്പിച്ചിരുന്നു. 17-5-2016 -ാം തീയതി തുടർച്ചയായി മഴ പെയ്തതിനാൽ മേൽപ്പറഞ്ഞ സ്ഥലത്ത് വീണ്ടും മണ്ണിടിച്ചിൽ ഉണ്ടാകുകയും നാലു വീട്ടുകാരെ അവിടെനിന്ന് മാറ്റി താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാലുകുടുംബങ്ങളെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മൂവാറ്റുപുഴ താലൂക്ക് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. കാലവർഷം ശക്തി പ്രാപിച്ചാൽ വാട്ടർടാങ്ക് അടക്കമുള്ള ഭാഗം മണ്ണിടിഞ്ഞ് താഴേയ്ക്ക് വന്നേക്കാൻ ഇടയുണ്ടെന്നുള്ള സാദ്ധ്യത ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ, അതിന് താൽക്കാലികമായി റീടെൻഷൻ വാൾ നിർമ്മിച്ചാൽ ഒരു പരിധിവരെ മണ്ണിടിച്ചിൽ തടയാമെന്ന് വിദഗ്ദൻമാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അവിടെ സംരക്ഷണഭിത്തി കെട്ടാൻ സാധ്യമല്ല എന്ന് ജലവിഭവ വകുപ്പ് അറിയിച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗര ശുദ്ധജല പദ്ധതിയുടെ വിപുലീകരണത്തിനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വെള്ളൂർക്കുന്നം ടാങ്കിൽ നിന്നും

ജലവിതരണം നടത്തുന്ന പൈപ്പുലൈനുകൾ പൂർണ്ണമായും മറ്റു ലൈനുകളുമായി കൂട്ടി യോജിപ്പിക്കുന്നതിലൂടെ ടാങ്കിൽനിന്നുള്ള ജല വിതരണം പൂർണ്ണമായും നിർത്തലാക്കപ്പെട്ടുമെന്നും പ്രസ്തുത ടാങ്ക് പൂർണ്ണമായ തോതിൽ ഡീകമ്മീഷൻ ചെയ്യുന്നതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കഴിഞ്ഞ തവണ കൊല്ലത്ത് ഒരു വാട്ടർടാങ്ക് തകർന്നുവീണ് ഒരു കുട്ടിക്കും അതിന്റെ അമ്മയ്ക്കുമെല്ലാം പരിക്കേൽക്കാൻ ഇടയായ സാഹചര്യം കൂടി കണക്കിലെടുത്ത് എറണാകുളം ജില്ലാ കളക്ടറോട് സ്ഥലത്ത് ജാഗ്രത പുലർത്താനും ദുരന്തമുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പ്രത്യേക നിർദ്ദേശം നൽകിയിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ. ഇവിടെ പറഞ്ഞ സന്ദർഭത്തിൽ ഒരു പദ്ധതിയുടെ തകരാറിൽ മുൻ എം.എൽ.എ. യുടെ പേരിൽ കേസ്സെടുക്കണമെന്ന് പറയുന്ന ഭാഗം നീക്കം ചെയ്യണം, നമ്മൾ ജനപ്രതിനിധികളാണ്, നമ്മൾ ചിലപ്പോൾ പദ്ധതികൾ ആവശ്യപ്പെടും, പദ്ധതികൾ നടപ്പിലാക്കും നടപ്പിലാക്കുന്നതിനകത്ത് എം.എൽ.എ. ക്കോ, മന്ത്രിക്കോ എന്ത് പങ്കാണുള്ളത്. ദയവായി അങ്ങ് അത് പരിശോധിച്ച്

അതിൽ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ചിട്ട് വേണ്ട നടപടി സ്വീകരിക്കുന്നതാണ്, അത് പരിശോധിക്കാം.

ഡോക്ടർമാരുടെ അഭാവം

ശ്രീ. അടൂർ പ്രകാശ്: സർ, കോന്നി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കണമെന്ന ആവശ്യമാണ് എനിക്ക് ഇവിടെ അവതരിപ്പിക്കാനുള്ളത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഒരു ദിവസം 800-850 ആളുകൾ ശരാശരി അവിടെ ചികിത്സതേടി വരികയാണ്. താലൂക്ക് ആശുപത്രി എന്ന നിലയിൽ ഇപ്പോൾത്തന്നെ ഡോക്ടർമാരുടെ 11 ഒഴിവുകൾ അവിടെ നികത്താനുണ്ട്. നികത്തിയിട്ടുള്ള ഡോക്ടർമാരിൽത്തന്നെ പല ആളുകളേയും വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. റാന്നി താലൂക്ക് ആശുപത്രിയിലേയ്ക്ക് ഗൈനക്കോളജി വിഭാഗത്തിലുള്ള ഒരു ഡോക്ടറുടെ സേവനം വർക്കിംഗ് അറേഞ്ച്മെന്റിൽ

കൊണ്ടുപോയിരിക്കുകയാണ്. പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലേയ്ക്ക് മെഡിസിൻ വിഭാഗത്തിലുള്ള ഡോക്ടറുടെ സേവനം കൊണ്ടുപോയി. അടൂർ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് അനസ്തേഷ്യ വിഭാഗത്തിലുള്ള ഒരു ഡോക്ടറെ മാറ്റിയിരിക്കുകയാണ്. കോഴഞ്ചേരി ജില്ലാ ഹോസ്പിറ്റലിലേയ്ക്ക് സി.എം.ഒ പോസ്റ്റിലുള്ള ഒരു ഡോക്ടറെ മാറ്റി. അങ്ങനെ ഏതാണ്ട് 4 ഡോക്ടർമാർ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുന്നു, 11 ഡോക്ടർമാരുടെ വേക്കൻസി കിടക്കുകയാണ്. അതുകൂടാതെ മറ്റു വിഭാഗത്തിലുള്ള ഹെഡ് നഴ്സ്, ഹെഡ്ക്ലാർക്ക്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1 ഇങ്ങനെയുള്ള ആളുകളുടെ വേക്കൻസികൾ പലതുമുണ്ട്. വർക്കിംഗ് അറേഞ്ചുമെന്റിൽ ഈ വിഭാഗത്തിലുള്ള ഏതാണ്ട് 11-ഓളം ആളുകളെ അവിടെനിന്ന് മാറ്റിയിരിക്കുകയാണ്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ൽ ഒരാൾ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുന്നു. നാല് നഴ്സിംഗ് അസിസ്റ്റന്റുമാർ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുന്നു. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2 അഞ്ചുപേർ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുന്നു. ഒരു ലാബ് ടെക്നീഷ്യൻ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുന്നു. ഇങ്ങനെ വരുമ്പോൾ ആ

അശുപത്രിയുടെ പ്രവർത്തനം നിശ്ചലമാകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വളരെ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ടുകൊണ്ട് ഈകാര്യത്തിൽ ഒരു പരിഹാരം കാണണമെന്നും ഡോക്ടർമാരെ നിയോഗിക്കുന്നതിനും അവിടെയുള്ള ഡോക്ടർമാർക്ക് മറ്റിടങ്ങളിൽ പ്രവർത്തിക്കാനുള്ള അനുമതി കൊടുത്തത് ക്യാൻസൽ ചെയ്ത് അവരെ തിരിച്ചുകൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ ആവശ്യം.

ഡോക്ടർമാരുടെ അഭാവം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ): സാർ, കോന്നി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള അസിസ്റ്റന്റ് ഡയറക്ടർ, സിവിൽ സർജൻ തസ്തികകളിൽ പ്രൊമോഷൻ നടക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുള്ള മൂന്ന് തസ്തികകളും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുള്ള മൂന്ന് തസ്തികകളിലും പി.എസ്.സി.യിൽനിന്ന് അഡ്വൈസ് ചെയ്തിട്ടുള്ള ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരികയാണ്. ജൂനിയർ കൺസൽട്ടന്റ്, പീഡിയാട്രിക്സ്, ഓർത്തോപീഡിക്, സർജറി എന്നീ തസ്തികളിലുള്ള ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള അസിസ്റ്റന്റ് സർജൻ മാരിൽനിന്നും സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരിൽനിന്നും ഡോക്ടർമാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. താലൂക്ക് ആശുപത്രിയായി മാറിയതിനുശേഷം അവിടെ ആവശ്യമായിട്ടുള്ള മറ്റു സൗകര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ള വർക്കിംഗ് അറേഞ്ചുമെന്റുകളൊന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്നതല്ല. വർക്കിംഗ് അറേഞ്ചുമെന്റിൽ ഇത്രയും ആളുകൾ പോയതിന്റെ കാരണം പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. ജൂനിയർ കൺസൽട്ടന്റ് (മെഡിസിൻ) അദ്ദേഹം ഒരു ന്യൂറോളജിസ്റ്റാണ്. കോന്നി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഒരു ഫിസിഷ്യൻ അസിസ്റ്റന്റ് സർജനായി ജോലി ചെയ്യുന്നുണ്ടെന്നുള്ള കാരണമാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ

സമയത്താണ് ഈ വർക്കിംഗ് അറേഞ്ചുമെന്റിൽ ആളുകളെ മാറ്റിയിട്ടുള്ളത്. രണ്ടാമത്തേത്, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) - അതിന് കാരണമായി പറഞ്ഞത് റാന്നി താലൂക്ക് ആശുപത്രിയിൽ ജോലിക്രമീകരണ അടിസ്ഥാനത്തിൽ 23-8-2015 മുതൽ ഇദ്ദേഹം ജോലി ചെയ്യുകയാണെന്നാണ്. കോന്നി താലൂക്ക് ആശുപത്രിയിൽ ലേബർ റൂമോ, ഓപ്പറേഷൻ തിയേറ്ററോ ഇല്ല. എന്നാൽ റാന്നി താലൂക്ക് ആശുപത്രിയിൽ ലേബർ റൂമും ഓപ്പറേഷൻ തിയേറ്ററും ഉണ്ട്. പ്രസ്തുത ഡോക്ടർ ലാപ്രോസ്കോപിക് സ്റ്റെറിലൈസേഷനും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് അങ്ങോട്ട് മാറ്റിയത് എന്നാണ് പറഞ്ഞത്. രണ്ടാമത്തെ ഗൈനക്കോളജിസ്റ്റിന് തിരുവല്ല താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം കൊടുത്തു. ഇപ്പോൾ അവിടെ ജൂനിയർ കൺസൽട്ടന്റ് ഗൈനക്കോളജിസ്റ്റായി അദ്ദേഹം ജോലി ചെയ്യുന്നു, ഇത് നേരത്തേയുള്ള റിപ്പോർട്ടാണ്. ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്)-നെ മാറ്റിയതിനും കാരണം പറഞ്ഞിട്ടുണ്ട്. ഓർത്തോ ഫിസിഷ്യൻ ജോലി ക്രമീകരണാടിസ്ഥാനത്തിൽ വർക്കല ആശുപത്രിയിൽ ജോലി ചെയ്തിരുന്നു, അദ്ദേഹത്തിന് ജൂനിയർ കൺസൽട്ടന്റായി പ്രൊമോഷനും ട്രാൻസ്ഫറും

നൽകിയിരിക്കുകയാണ്, കഴിഞ്ഞ തവണത്തെയാണ്. ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യയുടെ) കാര്യത്തിലും മാറ്റം വരുത്തിയതിന്റെ കാരണം പറയുന്നുണ്ട്. കോന്നി താലൂക്ക് ആശുപത്രിയിൽ ലേബർ റൂമോ, ഓപ്പറേഷൻ തിയറ്ററോ ഇല്ല, കൂടാതെ അടൂർ ജനറൽ ആശുപത്രിയിൽ ഒരു അനസ്തെറ്റിസ്റ്റ് മാത്രമേ ഉള്ളൂ. അവിടെ രണ്ട് ഓപ്പറേഷൻ തിയറ്ററുകൾ രണ്ട് വ്യത്യസ്ത നിലകളിലാണ് പ്രവർത്തിക്കുന്നത്, ആയതിനാൽ ഒരു അനസ്തെറ്റിസ്റ്റിന്റെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ അടൂർ ആശുപത്രിയിലേയ്ക്ക് നിയമിച്ചിരിക്കുന്നു. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇവരെയെല്ലാം മാറ്റിയിരിക്കുന്നത്. ഇവിടെ സൗകര്യമില്ലെന്നതും ഇതിനകത്ത് വ്യക്തമാകുന്നുണ്ട്. താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തു എന്നല്ലാതെ, അതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് ഒന്നും ചെയ്യുകയില്ലെന്നല്ല പറയുന്നത്, താലൂക്ക് ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്തുക എന്നുള്ളത് വളരെ അത്യാവശ്യമാണ്. ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ജില്ലാ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്ത് ഭൗതിക പശ്ചാത്തലം ഒരുക്കും. അതോടൊപ്പം അവിടെ

ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്യും. കോന്നി താലൂക്ക് ആശുപത്രിക്ക് നല്ല പരിഗണന നൽകി ഭൗതിക പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിനും അവിടെ ആവശ്യമായിട്ടുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനുമുള്ള നടപടകൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എം. നൗഷാദ് : സർ, എന്റെ മണ്ഡലത്തിലെ തീരപ്രദേശത്ത് ഹൻസിതയെന്ന് പേരുള്ള ഒരു കപ്പൽ വന്നടിഞ്ഞതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. കുനിന്മേൽ കുരുവായി എന്നുപറയുന്നതുപോലെ കടലാക്രമണം കാരണം തീരപ്രദേശം മൊത്തം കടലെടുത്തുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ കപ്പൽ വന്നടിഞ്ഞിരിക്കുന്നത്. മൂന്ന് വർഷങ്ങൾക്കുമുമ്പ് 40 ലക്ഷം രൂപ കുടിശ്ശികയുണ്ടെന്ന് പറഞ്ഞ് തുറമുഖ വകുപ്പ് പിടിച്ചിട്ട കപ്പലാണ്. മേഘ എന്ന് പറയുന്ന കമ്പനിയുടെ കപ്പൽ അവിടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി കൊണ്ടുവന്നപ്പോൾ വാടകയിനത്തിൽ കിട്ടാനുള്ള പൈസയ്ക്കുവേണ്ടിയാണ് പിടിച്ചിട്ടത്. മൂന്ന് വർഷത്തിനുശേഷം ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് വന്നു. വാടക നിശ്ചയിച്ചതിലുള്ള വ്യത്യാസം പഴയ റേറ്റുവച്ച് ഈടാക്കണമെന്ന്

പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ കമ്പനിക്ക് പൈസ അങ്ങോട്ട് കൊടുത്തതിനുശേഷം കപ്പൽ വിട്ടുകൊടുക്കകയും വേണം എന്നാണ് കോടതിയുടെ ഉത്തരവിൽ പറയുന്നത്. കഴിഞ്ഞ മാസം 17-ാം തീയതിയാണ് ഇങ്ങനെയൊരു ഉത്തരവുണ്ടായത്. ആ ഉത്തരവിന് ശേഷം 25-ാം തീയതി മുതൽ ഈ കപ്പൽ തീരത്തടിഞ്ഞ് അവിടെ ഉറച്ച് നിൽക്കുയാണ്. അതിന്റെ ഫലമായി അവിടെ ഒരു ബീച്ച് രൂപപ്പെടുകയും സമീപപ്രദേശങ്ങളിൽ കടൽ രൂപപ്പെടുകയും ചെയ്തിരിക്കുകയാണ്. കടൽ രൂപപ്പെട്ടതിന്റെ ഭാഗമായി അവിടെ ഉണ്ടായിരുന്ന റോഡുകൾ തകർന്ന് തീരം ഇല്ലാതാവുകയും ഏകദേശം പത്തോളം വീടുകൾ തകരുകയും ചെയ്തു. അവരെയെല്ലാം പുതിയ ദുരിതാശ്വാസ ക്യാമ്പ് തുറന്ന് അവിടെ പുനരധിവസിപ്പിച്ചിരിക്കുകയാണ്. ഇന്ന് ഇരുപതു ദിവസായിട്ടും ഈ കപ്പൽ അവിടെനിന്നും മാറ്റാനുള്ള ഗൗരവപൂർവ്വമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതിനുവേണ്ടി മൈബൈലിൽ വിളിച്ചുകളഞ്ഞ സമയമുണ്ടായിരുന്നുവെങ്കിൽ മറ്റെന്തെങ്കിലും മാർഗ്ഗം സ്വീകരിക്കാമായിരുന്നു. അവിടെയുള്ള മത്സ്യത്തൊഴിലാളികൾ ഭീതിയിലാണ്. തീരദേശത്തുള്ള ജനങ്ങളെ ഇത്രയും ദിവസം

അക്രമാസക്തരാകാതെ പിടിച്ചുനിർത്തി. ഇനി അവർ അക്രമാസക്തരായാൽ അവരെ നിയന്ത്രിക്കാൻ കഴിയില്ല. അവിടെ വല്ലാത്തൊരു സിറ്റുവേഷൻ രൂപപ്പെട്ടിരിക്കുകയാണ്. അതിനാൽ അടിയന്തരമായി ഈ കപ്പൽ അവിടെനിന്നും മാറ്റണം. ഇവിടെയുള്ള ടഗ്ഗ് വച്ച് വലിച്ചാൽ അതിനെ മാറ്റാൻ കഴിയില്ല. കാരണം അത് മണ്ണിൽ ഉറച്ച് നിൽക്കുകയാണ്. അതിനാൽ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്തതിനുശേഷമേ ഈ കപ്പൽ അവിടെനിന്നും മാറ്റാൻ കഴിയൂ. ഇപ്പോൾ മേഘ എന്ന കമ്പനിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. അവർ അത് കൊണ്ടുപോകുന്ന യാതൊരു നീക്കവും കാണുന്നില്ല. മറ്റ് വിശദാംശങ്ങളിലേ യ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇരുപത് ദിവസത്തോളമായി അറിയിച്ചിട്ടും സർക്കാരിന് ഇന്നുവരെ അത് മാറ്റാനുള്ള ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോദിവസം ചെല്ലുന്തോറും തീരം നഷ്ടപ്പെട്ട് വീടുകൾ കടലെടുത്തുകൊണ്ടിരിക്കുകയാണ്. നാൽപ്പത് ലക്ഷം രൂപ ഈടാക്കാൻ വേണ്ടി പിടിച്ചിട്ടപ്പോൾ നാല് കോടി ചെലവാക്കിയാലും നികത്താൻ കഴിയാത്ത നാശനഷ്ടങ്ങളാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അടിയന്തരമായി എന്ന് ഈ കപ്പൽ അവിടെനിന്നും മാറ്റാൻ കഴിയുമെന്നാണ്

അറിയേണ്ടത്. ഇത് അവിടെ വച്ച് ലേലം ചെയ്തതിനുശേഷം പൊളിച്ചുമാറ്റാൻ പോകുന്നുവെന്നൊക്കെ പുതിയ വാദഗതികൾ പല സ്ഥലത്തുനിന്നും കേൾക്കുന്നുണ്ട്. അതൊന്നും അനുവദിക്കാൻ കഴിയില്ല. ഈ കപ്പൽ എന്ന് അവിടെനിന്നും മാറ്റാൻ കഴിയുമെന്നാണ് അറിയേണ്ടത്. അതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ കപ്പൽ അവിടെനിന്നും മാറ്റിയി ല്ലെങ്കിൽ ക്രമസമാധാന പ്രശ്നങ്ങളുൾപ്പടെ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് അറിയി ക്കുകയാണ്. അതിന് കൃത്യമായി മറുപടി ഉണ്ടാകണം.

മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ബഹുമാനപ്പെട്ട എം. നൗഷാദ് എം.എൽ.എ. ഉന്നയിച്ചിട്ടുള്ള ഈ പ്രശ്നം വളരെ സങ്കീർണ്ണമാണ്, ഗുരുതരമാണ്. കൊച്ചി തുറമുഖത്ത് ഡ്രഡ്ജ് ചെയ്തിരുന്ന മേഘയെന്ന വിദേശ ഡ്രഡ്ജർ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾക്കായിട്ടാണ് 01.04.2013-ൽ കൊല്ലം തുറമുഖത്തെത്തിയത്. ഇത് പിന്നീട് ഹൻസിത എന്ന പേരിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തു. ഇന്ത്യയിൽ

അറ്റകുറ്റപ്പണികൾ നീണ്ടുപോയതിന്റെ ഫലമായും തുറമുഖ ചാർജ് ജി.ഒ.(എം.എസ്) നം. 15/2013/മ.തു.വ. തീയതി 23.03.2013 പ്രകാരം പുതുക്കി നിശ്ചയിച്ചതിനാലും കമ്പനി തുറമുഖ വകുപ്പിന് അടയ്ക്കേണ്ട തുകയായ 36,63,338/- രൂപ കുടിശ്ശികയിനത്തിലുള്ളതിനാൽ കപ്പലിന് തുറമുഖം വിട്ടുപോകാനുള്ള അനുമതി നൽകിയിരുന്നില്ല. പിന്നീട് മേൽപ്പറഞ്ഞ ഡ്രഡ്ജറിന്റെ ഉടമസ്ഥർ ബഹുമാനപ്പെട്ട കോടതിയെ സമീപ്പിക്കുകയും പഴയ ചാർജ് ഈടാക്കി മേഘ ഡ്രഡ്ജിംഗ് കമ്പനിക്ക് കപ്പൽ കൊണ്ടു പോകുന്നതിനുള്ള അനുവാദം നൽകുന്നതിന് 30.05.2016-ന് കോടതി വിധി നേടുകയും ചെയ്തു. ഈ കോടതി ഉത്തരവ് ലഭിച്ച് പതിനാല് ദിവസത്തിനകം കപ്പൽ കൊണ്ടുപോകാൻ അനുമതി നൽകാൻന നിർദ്ദേശിച്ചു. പ്രസ്തുത ഉത്തരവ് ഡ്രഡ്ജിംഗ് കമ്പനി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം ലഭ്യമാക്കുകയും 02.07.2016-ലെ സർക്കാർ ഉത്തരവ് 387/16/മ.തു.വ. ഉത്തരവ് പ്രകാരം കപ്പൽ തുറമുഖത്തുനിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ കാറ്റിലും കോളിലുംപെട്ട് നങ്കൂരമിളകി കപ്പൽ

25.06.2016-ൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഇരവിപുരത്തുള്ള കടൽത്തീര ത്തേയ്ക്ക് ഒഴുകിയെത്തി. കപ്പൽ തീരത്തുനിന്നും മാറ്റുന്നതിനുള്ള ചുമതല ഉടമസ്ഥർക്കാണ്. അതിന് ഒന്നരക്കോടി രൂപയിലധികം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ ജോലി നിർവ്വഹിക്കുവാൻ സംസ്ഥാന തുറമുഖ വകുപ്പിനും കേന്ദ്ര ഏജൻസികളായ നേവി, കോസ്റ്റ് ഗാർഡ് വിഭാഗത്തിനും കഴിയില്ല. ഉടമസ്ഥർ സ്വകാര്യവിദഗ്ദ്ധ ഏജൻസിയെ കൊണ്ടാണ് ചെയ്യിപ്പിക്കേണ്ടത്. അടിയന്തരമായി കപ്പൽ തീരത്തുനിന്നും മാറ്റേണ്ടതിന്റെ ഭാഗമായി കപ്പലിന്റെ ഉടമസ്ഥർ തുറമുഖ വകുപ്പിന്റെ സഹായത്തോടെ കപ്പൽ അവിടെ നിന്നും മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഇത്തരം ജോലി നിർവ്വഹിക്കാൻ കഴിവുള്ള സ്വകാര്യ ഏജൻസിയുടെ സഹായത്തോടെ നടത്തി വരികയുമാണ്. മൺസൂണും മോശമായ കാലാവസ്ഥയും ശക്തിയായ ടഗ്ഗ്, ബോട്ട് മുതലായ യന്ത്രസാമഗ്രികളുടെ അപര്യാപ്തതമൂലവും ഇതുവരെ മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ദിവസങ്ങളിൽ സർക്കാർ വകുപ്പ് ടഗ്ഗും ജെ.സി.ബി. മുതലായവയും കൂടാതെ കമ്പനി വക 20 ടൺ ശേഷിയുള്ള ടഗ്ഗുമെത്തിച്ച

ദിവസങ്ങളോളം നിരന്തരം രക്ഷാപ്രവർത്തനം നടത്തിയിരുന്നു. 13.07.2016-ൽ കൊല്ലം കളക്ടറേറ്റിൽ വച്ച് കൂടിയ യോഗത്തിൽ കൂറ്റൻ മണൽ ചാക്കുകൾ നിർമ്മിച്ച് തടയണ കെട്ടി ഡ്രഡ്ജറിനെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന അവസ്ഥയിലേയ്ക്ക് തിരിച്ച് കൊണ്ടുവരുന്നതിനും പിന്നീട് ശക്തിയുള്ള ടഗ്ഗ് ബോട്ട് ഉപയോഗിച്ച് വലിച്ച് മാറ്റാൻ കഴിയുമെന്നും ഡ്രഡ്ജർ ഉടമയുടെ പ്രതിനിധി അറിയിച്ചിട്ടുണ്ട്. വരുന്ന 20-ാം തീയതിയാണ് ഏറ്റവും ഉയർന്ന വേലിയേറ്റം. അതിനാൽ കപ്പൽ കമ്പനിയെ ഏൽപ്പിച്ച് രക്ഷാപ്രവർത്തകരുടെയും തുറമുഖ വകുപ്പിന്റെയും കൂട്ടായ ശ്രമത്തോടെ 19, 20, 21 തീയതികളിൽ ഡ്രഡ്ജർ തീരത്തുനിന്നും വലിച്ചുമാറ്റാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്. ഡ്രഡ്ജറിന്റെ സുരക്ഷാ ചുമതല അതിന്റെ ഉടമസ്ഥനാണ്. ഇത്തരത്തിൽ കരയ്ക്കടിയുന്ന കപ്പലുകൾ എടുത്തുമാറ്റുന്നതിന് നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. നിലവിൽ കോടതി ഉത്തരവ് പ്രകാരം കപ്പൽ തീരം വിട്ടുപോകുവാൻ അനുമതി നൽകിക്കഴിഞ്ഞു. ഈ കപ്പൽ അടിയന്തരമായി മാറ്റണമെന്ന് പല പ്രാവശ്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ രേഖാമൂലവും അല്ലാതെയും അറിയിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കിടയ്ക്ക് ഉണ്ടായേക്കാവുന്ന അപകടവും കപ്പൽ മുങ്ങാൻ തന്നെ സാധ്യതയുള്ളതിനാലും ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക്

വളരെ ഉയർന്ന നിരക്കാണ് കമ്പനികൾ ഈടാക്കുന്നത്. പ്രവൃത്തി വിജയകരമായി പൂർത്തിയാക്കാത്തപക്ഷം പ്രതിഫലം ലഭിക്കില്ല എന്ന വ്യവസ്ഥയിലാണ് ഇത്തരം പ്രവൃത്തികൾ നടത്തുന്നത്. അതിനാൽ സുരക്ഷിതമായി ഉടമസ്ഥനെ ഏൽപ്പിക്കാൻ കഴിയുമെന്ന് ഉറപ്പുള്ള അവസ്ഥയിൽ മാത്രമാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. 21.07.2016-ൽ നടത്തുന്ന ശ്രമത്തിന്റെ വിജയസാധ്യത കണക്കിലെടുത്ത് അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പ്രസ്തുത സ്ഥലത്ത് ആവശ്യമായ സുരക്ഷ നൽകുന്നതിന് കോസ്റ്റ് ഗാർഡ് കമാന്റന്റിന് ജില്ലാകളക്ടർ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ പ്രശ്നം വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ സർക്കാർ കൈകാര്യം ചെയ്യുന്നതായിരിക്കും. ഉത്തരവാദപ്പെട്ടവർക്ക് അതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

തസ്തിക സൃഷ്ടിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ സംസ്ഥാനത്ത് ദന്ത ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേരളത്തിൽ 1298 ആശുപത്രികൾ നിലവിലുണ്ട്. ഈ

ആശുപത്രികളിൽ വെറും 134 ദന്ത ഡോക്ടർമാരേ നിലവിലുള്ളൂ. 1164 ആശുപത്രികളിൽ ദന്ത ഡോക്ടർമാരെ നിയമിക്കേണ്ടതുണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ മാനദണ്ഡമനുസരിച്ച് 3,000 ജനങ്ങൾക്ക് ഒരു ദന്ത ഡോക്ടർ എന്നാണ് കണക്ക്. ഇവിടെ 30,000 ജനങ്ങൾക്ക് ഒരു ഡോക്ടർ വീതമേയുള്ളൂ. അതുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ അധികമായി സൃഷ്ടിച്ച തസ്തികൾ - എം.ബി.ബി.എസ്.-ന് 1710, മെഡിക്കൽ ഓഫീസർമാർ (ബി.എ.എം.എസ്.)- 370, മെഡിക്കൽ ഓഫീസർ (ഹോമിയോ)-365 എന്നിങ്ങനെയാണ്. എന്നാൽ ദന്ത ഡോക്ടർമാരുടെ നിയമനം നടന്നത് വെറും 64 എണ്ണം മാത്രമാണ്. 134 ദന്ത ഡോക്ടർമാർ മാത്രമാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രധാന വിഷയം ഓറൽ ക്യാൻസർ പ്രതിരോധം, കുട്ടികളുടെ ദന്തസംരക്ഷണം, വയോജനങ്ങളുടെ ദന്തൽ പ്രശ്നങ്ങൾ എന്നിവയാണ്. ഇവയെല്ലാം പരിഹരിക്കാൻ മെഡിക്കൽ കോളേജുകളെയാണ് നാം പലപ്പോഴും ആശ്രയിക്കുന്നത്. അവിടെ ആയിരക്കണക്കിന് രോഗികളാണ് വന്നുകൊണ്ടിരിക്കുന്നത്. ഒ.പി.-യിൽ ഇത്തരം രോഗികൾക്ക് പലപ്പോഴും ഫലപ്രദമായ ചികിത്സ ലഭിക്കുന്നില്ല. അതുകൊണ്ട് അവർ അമിതമായ ഫീസ്

ഈടാക്കുന്ന പ്രൈവറ്റ് ആശുപത്രികളിലേയ്ക്ക് പോവുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വലിയ വിഷയങ്ങൾ കേരളത്തിൽ നിലനിൽക്കുകയാണ്. 2011-ൽ പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയിൽ 153 പേരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആ റാങ്ക് ലിസ്റ്റ് 2012-ൽ പ്രസിദ്ധീകരിച്ചതാണ്. അതിൽനിന്നും 41 ദന്ത ഡോക്ടർമാരെ മാത്രമേ നാളിതുവരെയായി നിയമിച്ചിട്ടുള്ളൂ. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തിനുള്ളിൽ തീരാൻപോവുകയാണ്. അതുകൊണ്ട് കേരളത്തിലെ ദന്ത ഡോക്ടർമാരുടെ നിയമനം വളരെ അടിയന്തരമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. തസ്തികകൾ ക്രിയേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഈ നിയമനം നടത്തുന്നതിലൂടെ ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയും. ദന്ത ഡോക്ടർമാരുടെ മാത്രമല്ല മറ്റ് അനേകം റാങ്ക് ലിസ്റ്റുകളിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ ജോലി ലഭിക്കാൻ കാത്തിരിക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ദന്ത ഡോക്ടർമാരുടെ നിയമനം അടിയന്തരമായി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

തസ്തിക സൃഷ്ടിക്കൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ, ഡെന്റൽ ഉൾപ്പെടെ 135 ഡെന്റൽ സർജന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ചീഫ് ഡെന്റൽ കൺസൾട്ടന്റ്-1, സീനിയർ ഡെന്റൽ കൺസൾട്ടന്റ്-2, ഡെന്റൽ കൺസൾട്ടന്റ്-8, ജൂനിയർ ഡെന്റൽ കൺസൾട്ടന്റ്-17, ഡെന്റൽ സിവിൽ സർജൻ-16, അസിസ്റ്റന്റ് ഡെന്റൽ സർജൻ-90 എന്നിങ്ങനെയാണുള്ളത്. ഡെന്റൽ ഡോക്ടർമാരെ കൂടാതെ ഈ യൂണിറ്റുകളുടെ ഭാഗമായി 103 ഡെന്റൽ ഹൈജീനിസ്റ്റുകളും 33 ഡെന്റൽ മെക്കാനിക്കുമാരും ഒരു ഡെന്റൽ എക്വിപ്മെന്റ് മെയിന്റനൻസ് ടെക്നീഷ്യനും ജോലിചെയ്യുന്നുണ്ട്. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവയിൽ സ്പെഷ്യാലിറ്റി ഡെന്റൽ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഈ യൂണിറ്റുകളുടെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി പദവി ഉയർത്തിയ താലൂക്ക് ആശുപത്രികളുൾപ്പെടെ നിലവിലുള്ള 79 താലൂക്ക് ആശുപത്രികളിൽ 68 എണ്ണത്തിൽ മാത്രമേ ഇപ്പോൾ ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുള്ളൂ.

മുഴവൻ ദന്താശുപത്രികളിലും ഡെന്റൽ യൂണിറ്റ് ആരംഭിക്കുന്നതും ഡെന്റൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതും ഘട്ടംഘട്ടമായി സർക്കാർ പരിഗണിക്കുന്നതാണ്. പുതിയതായി ഡെന്റൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യവും ജില്ലാ/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ദന്തൽ സേവനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യവും ട്രോമാകെയറിന്റെ ഭാഗമായി ദന്തൽ സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഓറൽ ക്യാൻസർ പ്രതിരോധം, കുട്ടികളുടെ ദന്തസംരക്ഷണം, വയോജനങ്ങളുടെ ദന്തസംരക്ഷണം തുടങ്ങിയവ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾവഴി നടത്തിവരുന്നു. കൂടാതെ സ്കൂൾ ആരോഗ്യപരിപാടി, വയോജന ആരോഗ്യപരിപാടി, ക്യാൻസർ കെയർ പ്രോഗ്രാം തുടങ്ങിയവയും നടത്തിവരുന്നുണ്ട്. മാത്രമല്ല വയനാട് ജില്ലയിൽ ഒരു മൊബൈൽ ദന്ത യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. എൻ.എച്ച്.എം.-ന്റെ ഭാഗമായി 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിൽ ഓരോ ദന്ത ഡോക്ടർമാർ ജോലിചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. വഴി 35 ഡെന്റൽ ഡോക്ടർമാരെ താല്ക്കാലികമായി നിയമിച്ച് ഡെന്റൽ സേവനങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ്. ആരോഗ്യ

മേഖലയിലെ എല്ലാ ആശുപത്രികളിലും ധാരാളം തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് തസ്തിക സൃഷ്ടിക്കുക എന്ന പ്രക്രിയ പൂർത്തിയാകുമെന്ന് കരുതുന്നില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ആ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്. തസ്തിക സൃഷ്ടിക്കാനുള്ള പ്രവർത്തനം ഈ ഗവൺമെന്റ് നടത്തുന്നതായിരിക്കുമെന്നും വകുപ്പ് അതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതായിരിക്കുമെന്നുമാണ് എനിക്ക് പറയാനുള്ളത്.

അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: സർ, അൺ എയ്ഡഡ് മേഖലയെ ഞങ്ങൾ കാണുന്നത് അനിവാര്യമായ തിൻമ എന്ന നിലയിലാണ്. നവലിബറൽ നയങ്ങൾ വന്നപ്പോൾ വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള സർക്കാരിന്റെ പിൻമാറ്റം, അതാണ് അൺ-എയ്ഡഡ് മേഖലയ്ക്ക് ആധാരമായത്. അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചാണ്

ഞാനിവിടെ ഉന്നയിക്കാൻ ശ്രമിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല അത് സജീവ സാന്നിദ്ധ്യവുമാണ്. ഈ അൺ എയ്ഡഡ് സ്ഥാപനങ്ങളെ റെഗുലേറ്റ് ചെയ്യാൻ നമുക്ക് കഴിയണം. റെഗുലേറ്റ് ചെയ്യണമെങ്കിൽ ഷൈലോക്ക്മാരെപ്പോലെ പണക്കൊതിയോടുകൂടി കടന്നുവരുന്ന മാനേജ്മെന്റുകളെ നിലയ്ക്ക് നിർത്താൻ ആദ്യം നമുക്ക് സാധിക്കണം. ഗവൺമെന്റ് തലത്തിൽ ശക്തമായ ഇടപെടൽ നടത്തിയാൽ അതിന് സാധിക്കുമെന്ന വിശ്വാസമാണെനിക്കുള്ളത്. ബഹുമാനപ്പെട്ട ചെയർ നേരത്തെ നിയമസഭാ സാമാജികനായി ഇരിക്കുന്ന ഘട്ടത്തിൽ അൺ എയ്ഡഡ് മേഖലയിലെ ടീച്ചിംഗ് സ്റ്റാഫിന്റെ ചൂഷണത്തിനെതിരെ വലിയൊരു സമരത്തിന് നേതൃത്വം കൊടുത്തയാളാണ്. ഏകദേശം രണ്ടരലക്ഷത്തോളം ടീച്ചിംഗ് സ്റ്റാഫ് ഈ മേഖലയിലുണ്ട്. ഈ അൺ എയ്ഡഡ് മേഖലയിലെ ചൂഷണത്തിന് അറുതിവരുത്താൻ സാധിച്ചാൽ അത് അങ്ങയുടെ തലയിലെ ഗോൾഡൻ ഫെതറായിരിക്കും. ഇവിടെ ടീച്ചേഴ്സിന് മാന്യമായ ശമ്പളമില്ല. 1957-ലെ വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നുവെങ്കിലും അതിനേക്കാൾ മോശപ്പെട്ട സാഹചര്യത്തിലാണ് ഇപ്പോഴും ഈ മേഖലയിലെ

രണ്ടര ലക്ഷത്തോളം വരുന്ന അദ്ധ്യാപകർ ജീവിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ചെയറിന്റെ വാക്കുകൾ കോട്ട് ചെയ്താൽ 'മൈഗ്രന്റ് ലേബേഴ്സ്', അതായത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും നമ്മുടെ അൺ എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാർക്ക് ലഭിക്കുന്നില്ല. അവർ യഥാർത്ഥത്തിൽ വളരെ ക്വാളിഫൈഡാണ്. പോസ്റ്റ് ഗ്രാജ്വേഷൻ മാത്രമല്ല എം.ഫില്ലുകാരും പിഎച്ച്.ഡിക്കാരും അവരിലുണ്ട്. ദൗർഭാഗ്യവശാൽ അൺ എയ്ഡഡ് മേഖലയിലേയ്ക്ക് തള്ളപ്പെട്ടവരാണവർ. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് അൺ എയ്ഡഡ് മേഖലയിലെ ടീച്ചർമാരുടെ ശമ്പളം നമ്മുടെ ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സിന് ലഭിക്കുന്ന രീതിയിലേയ്ക്ക് കൊടുക്കാനാവശ്യമായ നടപടിയെടുക്കണം. ഇത്തരം സ്കൂളുകൾ നല്ല രീതിയിൽ ഫീസ് ഈടാക്കുന്നുണ്ട്. ഫീസ് മാനേജ്മെന്റ് ഈടാക്കുന്നതല്ലാതെ പലപ്പോഴും ടീച്ചർമാർക്ക് മാന്യമായ വേതനം കൊടുക്കാൻ തയ്യാറാകുന്നില്ല. ഏതെങ്കിലുമൊരു ടീച്ചർ ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ച് മറ്റൊരു സ്ഥാപനത്തിലേയ്ക്ക് ഇന്റർവ്യൂവിനുവേണ്ടി പോകുമ്പോൾ ഏതൊരു സ്ഥാപനവും കാണിക്കേണ്ട മര്യാദയാണ് ഒരു എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുക്കുക എന്നുള്ളത്. ഈ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്

കൊടുക്കാൻ പല ഘട്ടങ്ങളിലും സ്കൂളുകാർ തയ്യാറാകുന്നില്ല. അപ്പോൾ കടുത്ത ചൂഷണത്തിന്റെ മേഖലയായി അൺ എയ്ഡഡ് സ്കൂളുകൾ മാറിക്കൊണ്ടിരിക്കുന്നു, ടീച്ചേഴ്സ് പീഡിപ്പിക്കപ്പെടുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ശക്തമായ ശ്രമമുണ്ടാകണം. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിലും വിദ്യാഭ്യാസത്തിലും ഔന്നിത്യത്തിൽ നിൽക്കുന്ന ഈ സംസ്ഥാനത്ത് ഏറ്റവും എഡ്യൂക്കേറ്റഡായ ഒരു വിംഗ് ഈ രീതിയിൽ പീഡിപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് നമ്മുടെ ഗവൺമെന്റ് അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കെതിരാണ്. അൺ എയ്ഡഡ് സ്ഥാപനങ്ങൾ റെഗുലേറ്റ് ചെയ്യാൻ ഒരു കണ്ടീഷൻ കൃത്യമായി വയ്ക്കുക, പേ സ്കെയിൽ കൃത്യമായി അവിടത്തെ ജീവനക്കാർക്കും അദ്ധ്യാപകർക്കും ലഭിക്കുമെന്ന് ഉറപ്പാക്കുക. അങ്ങനെ കൊടുക്കാത്ത സ്ഥാപനങ്ങളെ റഗുലേറ്റ് ചെയ്യാനും അതിന്റെ അംഗീകാരം റദ്ദാക്കാനും സംസ്ഥാന സർക്കാർ മുന്നോട്ട് വരണം. കടുത്ത ചൂഷണം നേരിടുന്ന ഒരു മേഖല എന്ന നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ വളരെ വിനയത്തോടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, സംസ്ഥാന സർക്കാരിന്റെ മുഖ്യ അജണ്ട പൊതുവിദ്യാഭ്യാസ സംരക്ഷണമാണ്. എങ്കിലും സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ, സംസ്ഥാന സിലബസിലും കേന്ദ്ര സിലബസിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും അതാത് സ്കൂൾ മാനേജരുടെ കീഴിലാണ് ജോലിചെയ്യുന്നത്. എന്നിരുന്നാലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാകയാൽ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 14 എ (എ)യിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതുപ്രകാരം അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ

പ്രധാനാദ്ധ്യാപകന് 7,000/- രൂപയും എച്ച്.എസ്.എ.-യ്ക്ക് 6,000/- രൂപയും പ്രൈമറി ടീച്ചർക്ക് 5,000/- രൂപയും ക്ലാർക്കിന് 4,000/- രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3,500/- രൂപയും മിനിമം വേതനം ഉറപ്പ് നൽകുന്നു. അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽനിന്ന് ജി.ഒ. 155/2016 ലേബർ നമ്പറായി 12-09-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള ഘടന സി.ബി.എസ്.ഇ. തന്നെ നിർണ്ണയിച്ച് നൽകണമെന്നും അതുവരെ പ്രൈമറി-മിഡിൽ സ്കൂൾ ടീച്ചേഴ്സിന് 10,000/- രൂപയും സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് 15,000/- രൂപയും സീനിയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് 20,000/- രൂപയും ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാർക്ക് 20,000/- + അഡീഷണൽ അലവൻസ് പ്രതിമാസ ശമ്പളം നൽകണമെന്നും ക്ലറിക്കൽ സ്റ്റാഫിന് 6,000/- രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 4,500/- രൂപയും പ്രതിമാസ ശമ്പളം നൽകണമെന്നും 14-09-2012-ലെ W.A.No.1442/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനായി തൊഴിൽ നൈപുണ്യവകുപ്പ് തയ്യാറാക്കിയ കരട് ബില്ലിൽ വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം നൽകുന്നകാര്യം പരിശോധിച്ചുവരികയാണ്. ഈ മേഖലയിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് അവരുടെ ജോലിസാഹചര്യം മെച്ചപ്പെടുത്തി ചൂഷണം തടയുവാനുള്ള ശക്തമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

പ്ലസ് വൺ ക്ലാസ്സുകളിൽ രണ്ടാം ഉപഭാഷ പഠിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പ്ലസ് വൺ വിദ്യാർത്ഥികൾക്ക് രണ്ടാം ഉപഭാഷയായി സംസ്കൃതം, അറബി, ഉറുദു തുടങ്ങിയ ഭാഷകളിൽ അദ്ധ്യയനത്തിനുള്ള അനുമതി 2016 ജൂലൈ 7-ന് ഹയർസെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിലൂടെ പിൻവലിച്ചിരിക്കുകയാണ്. നിലവിൽ ഹയർ സെക്കന്ററിയിൽ മലയാളം, ഹിന്ദി എന്നീ ഭാഷകൾക്ക് പുറമെ രണ്ടാം ഉപഭാഷയായി സംസ്കൃതം, അറബി, ഉറുദു തുടങ്ങിയ ഭാഷകളും പ്ലസ് വൺ അഡ്മിഷൻ സമയത്ത്

വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കുന്നതിനുള്ള അവസരം ഉണ്ടായിരുന്നു. ഹൈസ്കൂൾ തലത്തിൽ സംസ്കൃതമോ ഹിന്ദിയോ ഉറുദുവോ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ഈ ഭാഷകൾ തുടർന്ന് പഠിക്കുന്നതിന് ഈ സർക്കുലർ മൂലം അവസരം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പെട്ടെന്ന് ഭാഷ മാറുന്നത് വിദ്യാർത്ഥികൾക്ക് പ്രയാസം സൃഷ്ടിക്കും. ക്രമേണ ഹൈസ്കൂൾ തലത്തിൽതന്നെ ഈ ഭാഷകൾ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കാത്ത അവസ്ഥ വരും. അത് ഇത്തരം ഭാഷകൾ അന്യംനിന്ന് പോകാൻ കാരണമാകും. സർക്കാരിന് ഒരു രൂപപോലും ബാധ്യതയില്ലാത്ത വിധത്തിലായിരുന്നു ഈ ഭാഷകൾ അദ്ധ്യയനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഇത്തരത്തിൽ തസ്തിക നിർണ്ണയം നടത്താത്ത സ്കൂളുകളിൽ പി.ടി.എ. ആണ് വേതനം നല്കിയിരുന്നത്. പല സ്കൂളുകളിലും അദ്ധ്യാപകർ സൗജന്യമായും പഠിപ്പിച്ചിരുന്നു. ഹയർ സെക്കന്ററി ഡയറക്ടറുടെ സർക്കുലർ പ്രകാരം തസ്തിക സൃഷ്ടിച്ച ഭാഷകൾ മാത്രമേ വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കുന്നതിന് സാധിക്കൂ. നിലവിൽ രണ്ട് ഉപഭാഷ എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്കൃതം, അറബി, ഉറുദു എന്നിവയ്ക്ക് തസ്തിക സൃഷ്ടിക്കാത്തത് ക്രമേണ ഈ ഭാഷകൾ ഇല്ലാതെയാകുന്നതിന് കാരണമാകും. ആയതിനാൽ സർക്കാരിന് ഒരു രൂപപോലും ചെലവഴിക്കാതെ ഈ ഭാഷകൾ

പഠിപ്പിക്കുന്നതിനുണ്ടായിരുന്ന അനുമതി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ രണ്ട് ഉപഭാഷ എന്ന വിഷയം മാറ്റി പ്രീഡിഗ്രി നിലവിലുണ്ടായിരുന്ന കാലഘട്ടത്തെപ്പോലെ വിദ്യാർത്ഥികൾക്ക് നാല് ഉപഭാഷകൾ തിരഞ്ഞെടുക്കുന്നതിന് സൗകര്യം നൽകുന്നതിനുള്ള ഉത്തരവുകളുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്ലസ് വൺ ക്ലാസ്സുകളിൽ രണ്ടാം ഉപഭാഷ പഠിപ്പിക്കുന്നത് സംബന്ധിച്ച്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നിലവിൽ ഹയർ സെക്കന്ററി തലത്തിൽ 12 ഉപഭാഷകൾ പഠിപ്പിക്കുന്നുണ്ട്. ഓരോ സ്കൂളിനും 4 ഉപഭാഷകൾ തിരഞ്ഞെടുക്കുവാൻ അവസരം നൽകിയിട്ടുണ്ട്. നിലവിൽ ഏതെങ്കിലും സ്കൂളിൽ ഒരു ഉപഭാഷ കൂടി അധികമായി പഠിപ്പിക്കണമെന്നുണ്ടെങ്കിൽ ആയത് സർക്കാർ അനുമതിയോടുകൂടി പഠിപ്പിക്കാവുന്നതാണ്. ഇത്തരം കേസുകളിൽ സർക്കാർ ഓരോ സ്കൂളിന്റെയും ആവശ്യകത, പ്രത്യേകത എന്നിവ പരിശോധിച്ച് തീരുമാനമെടുക്കുന്നുണ്ട്. സംസ്കൃതം, അറബി, ഉറുദു എന്നീ ഭാഷകൾ അനുവദനീയമായ സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള സൗകര്യം വിദ്യാർത്ഥികൾക്കുണ്ട്. ഉപഭാഷ പഠിക്കുന്നതിന് വിദ്യാർത്ഥികളുടെ നിലവിലുള്ള

സ്വാതന്ത്ര്യം ഒരു ഉത്തരവിലൂടെയും തടസ്സപ്പെടുത്തിയിട്ടില്ല. ഭാഷ പഠിക്കുവാൻ എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതാണ്.

വന്യമൃഗശല്യം

ശ്രീ. പി. വി. അൻവർ: സർ, പ്രസ്തുത വിഷയം കഴിഞ്ഞ രണ്ട് മൂന്ന് ദിവസങ്ങളായി ഈ സഭയിലെ അംഗങ്ങൾ അവതരിപ്പിച്ചതാണ്. ഇന്ന് ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ. സൂചിപ്പിച്ചതും വന്യമൃഗശല്യവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. എന്റെ മണ്ഡലം താങ്കൾക്കറിയാം. താങ്കൾ എന്റെ ജില്ലക്കാരനാണ്, നിലമ്പൂരിൽ മത്സരിക്കുകയും ചെയ്തതാണ്. നിലമ്പൂർ മണ്ഡലത്തിന്റെ ഏകദേശം 60 ശതമാനത്തോളം ഫോറസ്റ്റാണ്. ഏഴ് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയുമടങ്ങുന്ന ഏകദേശം 2,10,000-ത്തോളം വോട്ടർമാരുള്ള വലിയൊരു നിയോജകമണ്ഡലമാണിത്. പക്ഷേ ഈ വനാതിർത്തിയുടെ ബാഹുല്യം കാരണം വന്യമൃഗ ശല്യം വളരെ കൂടുതലാണ്. 2006 മുതൽ 2016 വരെയുള്ള ഏകദേശം 11 വർഷക്കാലയളവിൽ നിലമ്പൂർ നോർത്ത്-സൗത്ത് ഡിവിഷനിൽ മാത്രം 32 പേരെയാണ് ആന ചവിട്ടിക്കൊന്നിട്ടുള്ളത്. ഇപ്പോഴും അത് നിർബാധം തുടരുകയാണ്. അതിന് യാതൊരു കൺട്രോളുമില്ല. കഴിഞ്ഞ പത്തിരുപത് വർഷങ്ങളായി മൃഗശല്യം നിയന്ത്രിക്കുന്നതിന് പ്രാവർത്തികമായി പരീക്ഷിച്ച്

വിജയിച്ച ഒരു കാര്യങ്ങളും നിലമ്പൂരിൽ നടന്നിട്ടില്ല. ഇന്നിപ്പോൾ ഏറ്റവും വിജയകരമെന്ന് പറയുന്ന സംവിധാനം ആനപ്രതിരോധമതിലാണ്. ഇന്നലെ നിലമ്പൂരിൽ പ്രസ്തുത മതിൽ തകർത്ത് ഏകദേശം നാലഞ്ച് വീടുകളും ധാരാളം കൃഷി സ്ഥലങ്ങളും നശിക്കപ്പെടുകയുണ്ടായി. നമ്മൾ സ്വീകരിക്കുന്ന നടപടികൾ ആനയെ നിയന്ത്രിക്കത്തക്ക രീതിയിലായില്ലെങ്കിൽ ഇതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത് പരീക്ഷിച്ച് വിജയിച്ച ധാരാളം സംസ്ഥാനങ്ങളുണ്ട്. ആസ്സാം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഫെൻസിംഗിനുവേണ്ടി ഉപയോഗിക്കുന്നത് റെയിൽവേ പാളങ്ങളാണ്. സ്ക്രാപ്പ് ചെയ്ത റെയിൽവേ പാളങ്ങളുപയോഗിച്ച് കഴിഞ്ഞ പത്ത് വർഷങ്ങളായി നടത്തിയ പരീക്ഷണം പരിപൂർണ്ണ വിജയമാണ്. ഇതിൽ ചെറിയ ഇലക്ട്രിക് ഷോക്ക്കൂടി നൽകിയാൽ ഈ വിഷയം ഇവിടെ അവസാനിക്കും. നമ്മളിവിടെ പല പദ്ധതികളും നടപ്പാക്കുന്നുണ്ടെങ്കിലും അത് പൂർത്തീകരിക്കപ്പെടുന്നില്ല. മറ്റൊരു വിഷയം ട്രെഞ്ചുകളാണ്. ആ ട്രെഞ്ചുകൾ മഴപെയ്ത് മണ്ണ് വീണ് നികന്നുപോകുകയാണ്. ലക്ഷക്കണക്കിന് രൂപ ഈ ട്രെഞ്ചിന്റെ നവീകരണത്തിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെലവഴിക്കുന്നുണ്ട്. ഇതിലുള്ള ഏറ്റവും വലിയ വിഷയം കേരളത്തിൽ അല്ലെങ്കിൽ ഇന്ത്യയിൽ സർക്കാർ നടത്തുന്ന ഇത്തരത്തിലുള്ള എന്ത് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിനും

കാണുന്നതിനും സാധിക്കും. ഒരു റോഡ് അല്ലെങ്കിൽ ഒരു പാലം നിർമ്മിച്ചാൽ അത് ഏത് രീതിയിലാണ് നിർമ്മിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. നമുക്ക് ഇതുസംബന്ധിച്ചുള്ള അറിവില്ലെങ്കിൽ ഒരു എഞ്ചിനീയറുടെ സഹായത്തോടെ അതിനെക്കുറിച്ച് പഠിക്കാൻ സാധിക്കും. പക്ഷേ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫോറസ്റ്റിനകത്തേയ്ക്ക് ആർക്കും പ്രവേശനമില്ല, 'Trespassers will be prosecuted'. ഇതിനകത്ത് നടക്കുന്നതെന്താണെന്ന് ആർക്കും അറിയില്ല. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലാണ്. മന്ത്രിക്കും ഉത്തരവാദപ്പെട്ടവർക്കും ഇക്കാര്യങ്ങൾ അറിയാൻ സാധിക്കില്ല. കാരണം പലതും ചെന്നെത്താൻപോലും സാധിക്കാത്ത സ്ഥലങ്ങളിലാണ്. ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഇത്തരം പ്രവർത്തികൾകൊണ്ട് യാതൊരു പ്രയോജനവുമില്ല. നിലമ്പൂരിനെക്കുറിച്ച് താങ്കൾക്ക് അറിയാം, ലോകത്തിലെ തന്നെ ഏറ്റവും വലിയ തേക്കിൻ പ്രദേശമാണ് നിലമ്പൂർ. ബക്കിംഗ്ഹാം പാലസ് ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് ഉപയോഗിച്ച തേക്ക് ഇവിടുത്തെയാണ്. ബ്രിട്ടീഷുകാർ അവിടെ റെയിൽവേ നിർമ്മിച്ചതുതന്നെ അവിടേയ്ക്ക് തേക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയാണ്. കോടിക്കണക്കിന് രൂപ ഇന്ന് കേരളത്തിലെ പൊതു ഖജനാവിലേയ്ക്ക് ലഭിക്കുന്നത് നിലമ്പൂരിൽ നിന്നാണ്. പക്ഷേ ഇവിടത്തെ

ജനങ്ങളെ സംരക്ഷിക്കുന്നതിന് യാതൊരു മാർഗ്ഗവും നിലവിലില്ല. നിലമ്പൂർ ഫോറസ്റ്റിന്റെ മറ്റൊരു പ്രത്യേകത പല സ്ഥലങ്ങളിലും വെസ്റ്റഡ് ഫോറസ്റ്റാണ്. വെസ്റ്റഡ് ഫോറസ്റ്റ് എന്നുപറഞ്ഞാൽ സർക്കാർ പിടിച്ചെടുത്ത സ്ഥലങ്ങളിൽ അവർ പ്ലാന്റ് ചെയ്തുണ്ടാക്കിയിട്ടുള്ള ഫോറസ്റ്റാണ്. ഇതിന് ചുറ്റും ജനങ്ങളാണ്. ആ ഫോറസ്റ്റിനകത്ത് ഈ വെസ്റ്റഡ് ഫോറസ്റ്റ് ഉള്ളതുകൊണ്ട് വരുന്ന ആനകളെ അവിടെ നിന്ന് തുരത്തുന്നതിനുള്ള സംവിധാനമുണ്ട്. ഇന്നുവരെ അത് ചെയ്യുന്നില്ല. ഫോറസ്റ്റ് സ്ക്വാഡും എലിഫന്റ് സ്ക്വാഡും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടായി ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വന്യമൃഗശല്യം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട നിലമ്പൂർ മെമ്പർ സൂചിപ്പിച്ചതുപോലെ ഇന്ന് രാവിലെ മുതൽ വന മേഖലയിലെ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷത്തെ സംബന്ധിച്ചുള്ള വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന നിലമ്പൂർ സൗത്ത്, നോർത്ത്

ഡിവിഷനുകളുടെ പരിധിയിൽ വരുന്ന കർഷകർ അനുഭവിക്കുന്ന വിഷമങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ഇതിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 7.5 കിലോമീറ്ററും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 10 കിലോമീറ്ററും സൗരോർജ്ജവേലി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനിൽ 423 മീറ്ററിൽ ആന പ്രതിരോധ മതിൽ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. നിരന്തരമുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന്റെ ഭാഗമായി നിലമ്പൂർ മേഖലയിലേയ്ക്ക് എലിഫന്റ് സ്ക്വാഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനായി രണ്ട് ബൊലേറോ ക്യാമ്പർ വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരെ വിന്യസിച്ച് എലിഫന്റ് സ്ക്വാഡ് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ പത്ത് ജീവനക്കാരടങ്ങുന്ന ദ്രുതകർമ്മ സേനയുടെ സേവനവും അവശ്യഘട്ടത്തിൽ ഉപയോഗിച്ച് വരുന്നുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൽക്കുളം ഭാഗത്ത് വനം വകുപ്പ് 1.8 മീറ്റർ ഉയരത്തിലും 423 മീറ്റർ നീളത്തിലും നിർമ്മിച്ചിരുന്ന കരിങ്കൽ ഭിത്തി 13-7-2016-ന് ആന ചവിട്ടിത്തകർത്ത ഭാഗത്തിന് മുകളിലൂടെ ഒരു കൊമ്പനാന തൊട്ടടുത്തുള്ള കൃഷി സ്ഥലത്തിൽ ഇറങ്ങി വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ചിട്ടുള്ള ഒരു നിർദ്ദേശം,

ആസ്സാം മോഡൽ ഇലക്ട്രിക് ഫെൻസിംഗ് രീതി കേരളത്തിലെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കുമനുസരിച്ച് പ്രായോഗികമാണോയെന്ന് പരിശോധിക്കുകയും ആ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രായോഗികമാണെന്ന് കണ്ടെത്തുന്നപക്ഷം അത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. നിലമ്പൂർ നോർത്ത് സൗത്ത് ഡിവിഷനിലായി വന്യ മൃഗങ്ങൾ കൃഷി നശിപ്പിച്ചതിന് 14,60,516 രൂപയും കന്നുകാലികളെ ആക്രമിച്ച് കൊന്നതിന്റെ പേരിൽ 58,950 രൂപയും വന്യമൃഗ ആക്രമണം മൂലം പരിക്കുപറ്റിയ തദ്ദേശവാസികൾക്ക് 3,23,738 രൂപയും വന്യമൃഗ ആക്രമണംമൂലം ജീവഹാനി സംഭവിച്ച തദ്ദേശവാസികളുടെ ആശ്രിതർക്ക് 14,00,000 രൂപയും നഷ്ടപരിഹാരമായി കഴിഞ്ഞ വർഷം നൽകുകയുണ്ടായി. ഞാൻ രാവിലെ സഭയിൽ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരളത്തിലെ വനമേഖലയിൽ ഇന്ന് നേരിടുന്ന ഈ വിഷയത്തിന് പരിഹാരം കാണുന്നതിന് ഉന്നതതല യോഗം വിളിക്കുന്നതാണ്. നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ഇന്ന് അവയിലബിളായിട്ടുള്ള മെഷേഴ്സ് ഉപയോഗപ്പെടുത്തിക്കൊണ്ട് മാൻ അനിമൽ കോൺഫ്ലിക്ട് പരമാവധി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ

അറിയിക്കുന്നു.